# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

2024 ആഗസ്റ്റ് – സെപ്റ്റംബർ

പുസ്തകം 43, ലക്കം 4




# വചനവർഷം

## മൂവാറ്റുപുഴ ഭദ്രാസനം



മൂവാറ്റുപുഴ ഭദ്രാസനത്തിലെ വൈദികരുടെ വാർഷിക ധ്യാനം 2024 സെപ്റ്റംബർ 23 മുതൽ 27 വരെ
പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

# വിമലനാദം
## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

പുസ്തകം 43 | ലക്കം 4 | 2024 ആഗസ്റ്റ്– സെപ്റ്റംബർ






*Patron:*
**Most Rev. Dr.Yoohanon Mar Theodosius**

*Co- Patron:*
**Rt. Rev. Thomas Njarakkattu Corepiscopo**

*Editor*
**Fr. Joseph Pannivizha**


**"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവമായിരുന്നു."**
(യോഹന്നാൻ 1:1)

### ഉള്ളടക്കം


| | |
|---|---|
| ഇടയമൊഴി | 2 |
| ഇടയലേഖനങ്ങൾ, സർക്കുലറുകൾ | 5 |
| സഭാതല വാർത്തകൾ | 21 |
| ഭദ്രാസന വാർത്തകൾ | 23 |
| കൂരിയ വാർത്തകൾ | 26 |
| മതബോധന വാർത്തകൾ | 27 |
| എം.സി.വൈ.എം. വാർത്തകൾ | 28 |
| വിൻസെന്റ് ഡി പോൾ | 32 |
| എം.സി.എം.എഫ്. വാർത്തകൾ | 35 |
| ദിവ്യകാരുണ്യ വർഷ ലേഖനം | 37 |
| സ്മരണീയ ദിനങ്ങൾ | 40 |



*Printed & Published by:*
Editor, Vimalanadam
Muvattupuzha Diocesan Centre, Mudavoor P.O., Muvattupuzha - 686 669
vimalanadam@gmail.com

# ഇടയമൊഴി



സെപ്റ്റംബർ 14 സ്ളീബാ പെരുന്നാളോടുകൂടി ആരാധനക്രമ വത്സരത്തിലെ സ്ളീബാ കാലത്തിലേക്ക് നാം പ്രവേശിച്ചല്ലോ. കുരിശിന്റെ ധ്യാനം രക്ഷയിലേക്ക് നയിക്കുന്ന ദൈവ ശക്തിയാണ്. തന്റെ കുരിശും വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല എന്ന് യേശു അരുളി ചെയ്തിട്ടുണ്ടല്ലോ. നമ്മുടെ ജീവിതത്തിലെ വേദനകളും ദുഃഖങ്ങളുമാകുന്ന കുരിശുകൾ വഹിക്കാൻ കഴിയാതെ നാം തളരുമ്പോൾ ക്രൂശിതനെ നോക്കാൻ നമുക്കാകണം. അവൻ നമുക്ക് മുൻപേ ആ വഴിയിലൂടെ കുരിശുമായി നടന്ന നീങ്ങിയിട്ടുണ്ടെന്നുള്ളതാണ് നമ്മുടെ ബലം. യേശുവിന്റെ രണ്ടാമത്തെ വരവിന് വേണ്ടി സഭ പ്രത്യേകമായി ഒരുങ്ങുന്ന ഈ കാലഘട്ടത്തിൽ നമുക്ക് ധ്യാനപൂർവ്വം പാടി പ്രാർത്ഥിക്കാം:

സ്ളീബാ വിജയിക്കുന്നനിശം
സ്ളീബാ വൈരിയെ വിജയിച്ചു
സ്ളീബായിൽ പുകഴുന്നോർക്കായി
എന്നും സ്ളീബാതാനഭയം

പരിശുദ്ധ അമ്മയുടെ ജപമാല മാസമായി ഒക്ടോബർ വീണ്ടും കടന്നുവരുന്നു. ജപമാല ഭക്തി സഭയിൽ നടപ്പാക്കിയതും പ്രചാരണം നൽകിയതും 'ജപമാലയുടെ പാപ്പാ' എന്നറിയപ്പെടുന്ന ലെയോ XIII -ാമനാണ്. Rosarium Virginis Mariae (കന്യകാമറിയത്തിന്റെ ജപമാല) എന്ന ജപമാലയെക്കുറിച്ചുള്ള ചാക്രിക ലേഖനത്തിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറയുന്നു.'ജപമാല ചൊല്ലുമ്പോൾ ക്രൈസ്തവർ പരിശുദ്ധ മറിയത്തിന്റെ വിദ്യാലയത്തിൽ ഇരിക്കുന്നു.' ജപമാല രഹസ്യങ്ങളുടെ ധ്യാനത്തിലൂടെ ക്രിസ്തുരഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങാൻ നമുക്കു സാധിക്കും.

പരിശുദ്ധ അമ്മയുടെ കൈപിടിച്ച് നടക്കാൻ നമുക്കാകണം. നമ്മുടെ ആവശ്യങ്ങൾ ഈശോയോട് ഉണർത്തിക്കാൻ പരിശുദ്ധ

അമ്മയെപ്പോലെ മറ്റൊരു മദ്ധ്യസ്ഥയില്ല. കത്തോലിക്കാ സഭയുടെ പൊതുസ്വത്തായ ജപമാല പ്രാർത്ഥന നമ്മുടെ വിശ്വാസ ജീവിതയാത്രയുടെ താളമാകട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

ഒക്ടോബർ നാലാം തീയതി വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ആഘോഷിക്കുകയാണ്. സർവ്വ ജീവജാലങ്ങളെയും സോദരാ, സോദരി എന്ന് വിളിച്ചു ക്രിസ്തുവിനു വേണ്ടി സർവ്വവും ത്യജിച്ച്, മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെട്ട വിശുദ്ധനാണ് അദ്ദേഹം. ഈ വിശുദ്ധനെ സ്വർഗ്ഗീയ മധ്യസ്ഥനായ സ്വീകരിച്ചിരിക്കുന്ന മലങ്കര കത്തോലിക്ക യുവജന പ്രസ്ഥാനം ഒക്ടോബർ മാസത്തിലെ ആദ്യ ഞായറാഴ്ച യുവജന ദിനമായി ആഘോഷിക്കുന്നു. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെ പോലെ എല്ലാ വിധത്തിലും ക്രിസ്തുവിന് അനുരൂപരായി ജീവിക്കുവാൻ നമുക്ക് ആകണം. ക്രൈസ്തവ സമൂഹം വലിയതോതിൽ വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ വിശ്വാസത്തിൽ കൂടുതൽ വേരുറക്കപ്പെടുക അനിവാര്യം തന്നെ. ഭദ്രാസനത്തിലെ എല്ലാ യുവജനങ്ങൾക്കും യുവജന ദിനത്തിൻറെ ആശംസകൾ നേരുന്നു!

ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ഓർമ്മപെരുന്നാൾ ഒക്ടോബർ പത്തിന് സഭയായി നാം ഘോഷിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രണ്ടാമത്തെ മേലദ്ധ്യക്ഷനായി നാല് പതിറ്റാണ്ടുകളിലധികം സഭയെ നയിച്ച വന്ദ്യ പിതാവിനെ നമുക്ക് നന്ദിയോടെ അനുസ്മരിച്ച് മാദ്ധ്യസ്ഥം അപേക്ഷിക്കാം. 'സ്നേഹം മമദീപം' എന്ന ആപ്തവാക്യം വാക്കിലും പ്രവർത്തിയിലും അന്വർത്ഥമാക്കി സഭയെ വളർച്ചയുടെ സോപാനങ്ങളിൽ എത്തിച്ച ആ വന്ദ്യ താതന്റെ ദീപ്തമായ മാതൃക നമുക്ക് പ്രചോദനം പകരട്ടെ!

ഒക്ടോബർ 20 ആഗോള കത്തോലിക്കാ സഭ മിഷൻ ഞായറായി ഘോഷിക്കുന്നു. തിരുസഭയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം സുവിശേഷപ്രഘോഷണമാണ്. 'നിങ്ങൾ ലോകമങ്ങും പോയി സുവിശേഷം പ്രസംഗിക്കുക' എന്നുള്ളത് യേശുനാഥൻ സഭയെ ഭരമേൽപ്പിച്ച അടിസ്ഥാന നിയോഗമാണ്.

ധന്യൻ മാർ ഈവാനിയോസ് തിരുമേനി പുനരൈക്യ സാക്ഷ്യത്തിലൂടെ ഈ ദൈവിക നിയോഗത്തിലേക്ക് മലങ്കര സഭയെ ആനയിച്ചു. അതിൻറെ സത്ഫലങ്ങളാണ് നമ്മുടെ സഭ ഇന്ന്

അനുഭവിക്കുന്നതും ആഘോഷിക്കുന്നതും. പാറശ്ശാല ഭദ്രാസനത്തിൽ നടന്ന 94 പുനരൈക്യ സഭാ സംഗമം സുവിശേഷ സാക്ഷ്യത്തിന്റെ നേർക്കാഴ്ചയായിരുന്നു. നമ്മുടെ ഭദ്രാസനം അതീവ ഗൗരവത്തോടെ ഈ വിഷയത്തെ സമീപിക്കുക അനിവാര്യം തന്നെ. ഭദ്രാസനത്തിലെ ഓരോ അംഗങ്ങളും മിഷണറിമാരാണ്, മിഷനറിമാരാകണം. നാം മനസ്സോടെ വിതച്ചാൽ സർവ്വശക്തൻ വലിയ വിളവ് നമുക്ക് പ്രധാനം ചെയ്യും.

നിങ്ങളുടെ പിതാവ്,

+ Mar Theodosius

✠ **യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## 2024-ലെ മദേഴ്സ് ഫോറം ദിനത്തോടനുബന്ധിച്ച്, കുടുംബങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ

## മദേഴ്സ് ഫോറം ദിനാചരണം (ആഗസ്റ്റ് 25, 2024)

വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

'അമ്മ' എന്ന പുണ്യ നാമം കൃപയുടെയും വിശുദ്ധിയുടെയും സാധ്യതയാണെന്ന് സ്വജീവിതം കൊണ്ട് ലോകത്തെ അറിയിച്ച വിശുദ്ധ മോനിക്ക പുണ്യവതിയുടെ തിരുനാൾ ആഗസ്റ്റ് 28-ന് തിരുസഭ ആഘോഷിക്കുന്നു. ഈ വിശുദ്ധയെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായി സ്വീകരിച്ചിരിക്കുന്ന മലങ്കര കാത്തലിക് മദേഴ്സ് ഫോറം (MCMF), ഈ തിരുനാൾ MCMF ദിനമായി കൊണ്ടാടുന്നു. സഭാതലത്തിൽ തുടങ്ങി യൂണിറ്റ് തലങ്ങളിൽവരെ ഈ പ്രേഷിത ശുശ്രൂഷയിൽ ഭാഗഭാക്കാകുന്ന എല്ലാ പ്രിയപ്പെട്ട അമ്മമാർക്കും, അവർക്ക് നേതൃത്വം നൽകുന്ന വന്ദ്യ വൈദികർക്കും സിസ്റ്റേഴ്സിനും ഈ ദിനത്തിന്റെ പ്രാർത്ഥനകളും, ആശംസകളും ഹൃദയപൂർവ്വം നേരുന്നു.

ആഗസ്റ്റ് 25 ഞായറാഴ്ച നമ്മുടെ സഭയിലെ എല്ലാ ഇടവകകളിലും വൈദിക ജില്ലകളിലും രൂപതകളിലും എം.സി.എം.എഫ് ദിനമായി ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട അമ്മമാരെ ഓർമ്മിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവരെ സമുചിതമായി ആദരിക്കുന്നതിനും മാതൃദിനത്തിൽ യുക്തമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും വേണം.

ഇത്തരുണത്തിൽ, വയനാട്ടിലെ മുണ്ടക്കൈയിൽ സംഭവിച്ച അതിദാരുണമായ പ്രകൃതി ദുരന്തത്തിൽപ്പെട്ട എല്ലാ ദൈവമക്കളെയും നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം. മരണപ്പെട്ടവരെയും

എല്ലാം നഷ്ടപ്പെട്ടവരെയും കർത്തൃ സന്നിധിയിൽ സമർപ്പിക്കാം. "തിന്മപ്പെട്ട നാഴികയിൽ നിന്നും, ഉപദ്രവകരമായ എല്ലാ ശക്തികളിൽ നിന്നും കർത്താവേ ഞങ്ങളെ രക്ഷിക്കണമേ" എന്നുള്ള സന്ധ്യാനമസ്കാരത്തിലെ പ്രാർത്ഥന, ദൈവസന്നിധിയിൽ കൂടുതൽ ശക്തമായി നമുക്ക് ഉയർത്താം.

2024 പുതുവർഷപ്പുലരിയിൽ ലോകത്തെ അഭിസംബോധന ചെയ്ത് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം പറഞ്ഞു: "അസമാധാനത്തിന്റെ മാറ്റൊലി നിലനിൽക്കുന്ന ഈ കാലഘട്ടം; 'മനുഷ്യ കുടുംബത്തെ' ഐക്യത്തിൽ പടുത്തുയർത്താൻ കഴിയുന്ന ഒരു അമ്മയെ നമുക്ക് ആവശ്യമുണ്ട്. പരിശുദ്ധ മറിയത്തെ ഒന്നു നോക്കുക. അവൾ മനുഷ്യകുലത്തെ ഒന്നിപ്പിക്കുകയും, ആശ്വസിപ്പിക്കുകയും, ചെയ്യുന്നവളാണ്. അവൾ മനുഷ്യരുടെ ജീവിതപ്രശ്നങ്ങളെ ശ്രവിക്കുവാൻ കഴിയുന്നവളും, കണ്ണുനീരൊപ്പുന്നവളുമാണ്". ഓരോ അമ്മയും എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്നതിന്റെ വെളിപാടാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയിലൂടെ ലോകം ശ്രവിച്ചത്. പരിശുദ്ധ അമ്മ ലോകത്തിന്റെ മുമ്പിൽ എങ്ങനെ വർത്തിക്കുന്നുവോ, അങ്ങനെ തന്നെ ഓരോ അമ്മയും ഓരോ കുടുംബത്തിലും ജീവിത സാക്ഷ്യം ആകണം എന്നുള്ള ഒരു ഓർമ്മപ്പെടുത്തൽ അതിലുണ്ട്. രണ്ടാം ക്രിസ്തുവെന്ന് അറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് അസീസി തന്റെ സമാധാന പ്രാർത്ഥനയിൽ 'എന്നെ സമാധാനത്തിന്റെ ഉപകരണമാക്കണമേ' എന്ന് പ്രാർത്ഥിച്ചതുപോലെ തങ്ങളെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും ദൈവീക ഉപകരണമാക്കണമേ എന്ന് അമ്മമാർ കരമുയർത്തി പ്രാർത്ഥിക്കണം. ഒന്നിപ്പിക്കാനും ആശ്വസിപ്പിക്കുവാനും ശ്രവിക്കുവാനും, കണ്ണീരൊപ്പുവാനും അമ്മമാർക്ക് ലഭിച്ചിട്ടുള്ള വരങ്ങൾ അമ്മമാർ കുടുംബത്തിനകത്തും പുറത്തും പ്രകടമാക്കണം. കുടുംബത്തിൽ മാത്രമല്ല, ഇടവകയെയും സമൂഹത്തെയും ഐക്യത്തിലും സമാധാനത്തിലും നില നിർത്തുവാൻ അമ്മമാർക്ക് സാധിക്കണം. മദേഴ്സ് ഫോറം അങ്ങനെ സഭയുടെ ഒരു "അമ്മ മുഖമായി" പ്രശോഭിക്കട്ടെ! ഐക്യത്തിന്റെ പ്രവാചകനായ ധന്യൻ മാർ ഈവാനിയോസ് പിതാവ് നമുക്ക് തന്ന ഐക്യത്തിന്റെയും സമാധാനത്തിന്റെയും പാതയിലൂടെ നമുക്ക് ജീവിതയാത്ര തുടരാം.

പുനരൈക്യ ശതാബ്ദി ആഘോഷങ്ങളെ മുന്നിൽ കണ്ടുകൊണ്ട് സഭ ഒന്നായി ആത്മീയമായി ഒരുങ്ങുന്നതിന്റെ ഭാഗമായി 2024 സെപ്റ്റംബർ 20 മുതൽ ഒരു വർഷം വചന വർഷമായി ആചരിക്കുകയാണ്.

ഈ കാലയളവിൽ 'മാംസമായി ഭൂമിയിൽ അവതരിച്ച' (യോഹ 1:14) വചനത്തെ മുറുകെപ്പിടിച്ച് ആത്മീയ ശക്തി നേടാൻ സഭാമക്കൾ, വിശിഷ്യാ അമ്മമാർ പരിശ്രമിക്കണം. വചനം തന്നെയായ യേശുനാഥനോടുള്ള ആത്മീയ ബന്ധത്തിലും അവിടുത്തെ തിരുവചനമായ വിശുദ്ധ വേദഗ്രന്ഥത്തിലും ആഴപ്പെടുവാൻ സഭ ഒരുങ്ങുന്ന ഈ കാലഘട്ടം നാം ജാഗ്രതയോടെ പ്രയോജനപ്പെടുത്തണം. സഭാതലത്തിലും ഭദ്രാസനതലത്തിലും സംഘടിപ്പിക്കപ്പെടുന്ന വചനവർഷത്തിന്റെ എല്ലാ കർമ്മ പരിപാടികളിലും ഉണർന്ന് പ്രവർത്തിക്കുവാൻ മദേർഴ്സ് ഫോറത്തിന്റെ എല്ലാ അംഗങ്ങളും സന്മനസ്സോടെ തയ്യാറാകണം. 'വചനം' രക്ഷയിലേക്കുള്ള വാതിലാണ്. ജീവന്റെയും സമൃദ്ധിയുടെയും നീർച്ചാലാണ്. വചനവായനയും, ധ്യാനവും, പഠനവും, വചനം ചേർത്തുവച്ചുള്ള പ്രാർത്ഥനയും വ്യക്തിജീവിതങ്ങളിലും കുടുംബതലങ്ങളിലും അമ്മമാർ ഉറപ്പാക്കണം. അങ്ങനെ, വചനത്തിൽ വേരുറപ്പിക്കപ്പെട്ട കുടുംബങ്ങളും സമൂഹവും രൂപപ്പെടട്ടെ! സങ്കീർത്തകനോടൊപ്പം നമുക്കും പാടി പ്രാർത്ഥിക്കാം: "കർത്താവേ! അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്. അവ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ്" (സങ്കീ 119:103).

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദിക്കായി പ്രത്യേകം ഒരുങ്ങുന്നതിന്റെ ഭാഗമായി സഭാതല MCMF ഭാരവാഹികൾ വരും നാളുകളിൽ എല്ലാ ഭദ്രാസനങ്ങളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്. പാറശ്ശാല ഭദ്രാസനത്തിലെ സന്ദർശനം ഇതിനോടകം പൂർത്തിയായി. നടപ്പുവർഷം തന്നെ തിരുവല്ല അതിഭദ്രാസനവും ബത്തേരി ഭദ്രാസനവും സന്ദർശിക്കുന്നതാണ്. ഇടവക യൂണിറ്റുകളും ജില്ലാ-ഭദ്രാസന തലങ്ങളും ശക്തിപ്പെടുത്തുകയാണ് ഈ സന്ദർശനത്തിന്റെ പ്രത്യേക ലക്ഷ്യം.

ഈ വർഷം പുനരൈക്യസഭാ സംഗമത്തിന് വേദിയാകുന്ന പാറശ്ശാല ഭദ്രാസനത്തിലെ കാരുണ്യ പ്രവർത്തനങ്ങൾക്ക് എം.സി.എം.എഫ്-ന്റെ ഉദാരമായ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലെയും അമ്മമാർ ഇക്കാര്യത്തിൽ ഹൃദയപൂർവ്വം സഹകരിക്കണം. പ്രാർത്ഥന, സാന്നിധ്യം, ഉദാരമായ സംഭാവന ഇവകളിലൂടെ നമുക്കും സഭാ സംഗമത്തിൽ പങ്കുചേരാം.

ആഗസ്റ്റ് 28-ന് പ്രഥമ സഭാതല MCMF ദിനാഘോഷവും സംഗമവും 'ജനനി 2024' എന്ന പേരിൽ തിരുവല്ല അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ, ശാന്തിനിലയത്തിൽവെച്ച് നടത്തപ്പെടുകയാണ്.

ഭദ്രാസന മദേർഴ്സ് ഫോറത്തിന്റെ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളെയും ഡയറക്ടർ അച്ചൻമാരെയും ആനിമേറ്റർമാരെയും അവിടെ നടക്കുന്ന പരിപാടികളിലേക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. എല്ലാവർക്കും മാതൃദിനത്തിന്റെ സകലവിധ നന്മകളും ആശംസിക്കുന്നു!

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ സ്നേഹപൂർവം,

+ Mar Theodosius

✠ **യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലിത്താ**

കുടുംബങ്ങൾക്കുവേണ്ടിയുള്ള

സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &

മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ

06.08.2024
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B. ഈ സർക്കുലർ വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയും ഉള്ളടക്കം വിശ്വാസികളെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 2/2024

20.05.2024

## സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

### 1. പുനരൈക്യ ശതാബ്ദി 2030 സെപ്തംബർ 20

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭൈക്യ പ്രസ്ഥാനമായ മലങ്കര കത്തോലിക്കാ സഭാ പുനരൈക്യത്തിന്റെ ശതാബ്ദി 2030 സെപ്തംബർ 20-ന് സഭയായി ആഘോഷിക്കുന്നതിന് നാം ഒരുങ്ങുന്ന കാലഘട്ടമാണിത്. "പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു" (യോഹ. 17:22) എന്ന യേശു കർത്താവിന്റെ മരണത്തിനുമുമ്പുള്ള മഹാപുരോഹിത പ്രാർത്ഥനയിലൂടെ യേശു ലക്ഷ്യം വച്ചത് തന്റെ ശരീരമാകുന്ന സഭയുടെ ഐക്യമാണ്. സഭ യേശുക്രിസ്തുവിന്റെ ശരീരമാണ് (എഫേ 1:23). യേശു ശിരസും എല്ലാ വിശ്വാസികളും അവന്റെ ശരീരത്തിന്റെ ഭാഗവുമാണ് (1 കോറി 6:15) എന്ന പ്രതീകത്തിലൂടെ ശിരസിനെയും ശരീരത്തെയും വേർപെടുത്താനാവില്ലാ എന്ന സത്യം നാം തിരിച്ചറിയുന്നു. അതിനാൽ ശിരസും ശരീരവും ഒന്നായിരിക്കുന്നതുപോലെ വിശ്വാസ സമൂഹം മുഴുവൻ യേശുവിനോട് ഐക്യപ്പെട്ട് യോജിച്ചിരിക്കേണ്ടതാണ്.

ചരിത്രപരവും ദൈവശാസ്ത്രപരവുമായ പല കാരണങ്ങളാൽ ഈ ഐക്യത്തിന് ക്ഷതം സംഭവിച്ചു. യേശുവിന്റെ ശരീരമായ സഭാ ഗാത്രത്തിൽനിന്നും പല കാലഘട്ടങ്ങളിലായി പല ഭാഗങ്ങളും മുറിച്ചു മാറ്റപ്പെട്ടു. 1653-ൽ നടന്ന കൂനൻകുരിശ് സത്യത്തിനുശേഷം പുത്തൻകൂർ, പഴയകൂർ എന്ന പേരിൽ വിഭജിതമായ മാർത്തോമ്മാ ശ്ലീഹായുടെ സഭയിലെ മുറിവുണക്കുന്നതിനും സഭകൾ തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുന്നതിനും 20 ാം നൂറ്റാണ്ടിൽ ദൈവം തെരഞ്ഞെടുത്ത മല

ങ്കരയുടെ പ്രവാചകനാണ് ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ. അദ്ദേഹം ആരംഭിച്ച ബഥനി സന്യാസ പ്രസ്ഥാനങ്ങളിലൂടെയും സ്ഫുടം ചെയ്ത ആദ്ധ്യാത്മികതയിലൂടെയും എല്ലാം ഉപേക്ഷിക്കാനും മലങ്കര സഭയിലെ ഐക്യം വീണ്ടെടുക്കുവാനും 1930 സെപ്തംബർ 20-ന് അദ്ദേഹത്തിന് സാധിച്ചു. മലങ്കരസഭാ പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളായ നാം ഈ 7 വർഷക്കാലം പ്രത്യേകം ഒരുങ്ങുകയാണ്.

**2. പുനരൈക്യ ശതാബ്ദി കർമപദ്ധതി (2024 സെപ്തംബർ 20–2030 സെപ്തംബർ 20)**

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദി ആഘോഷത്തിന്റെ അടുത്ത ഒരുക്കത്തിലേക്കു കടക്കുകയാണല്ലോ. സഭയുടെ അടിസ്ഥാനദൗത്യത്തോട് ചേർന്നുപോകുന്ന ആഘോഷ പരിപാടികളാണ് നാം ആസൂത്രണം ചെയ്യുന്നത്. ശതാബ്ദി ആഘോഷങ്ങൾ പുനരൈക്യ സഭയെ കൂടുതൽ ബലപ്പെടുത്തുന്നവയും, സഭയുടെ ഐക്യത്തെ ഉത്തരോത്തരം പോഷിപ്പിക്കുന്നവയും, സഭാമക്കൾ ഓരോരുത്തരുടെയും ജീവിതപരിവർത്തനവും ദൗത്യനിർവഹണവും സുഗമമാക്കുന്നവയും, സഭയുടെ സർവതോന്മുഖമായ ക്ഷേമം ഉറപ്പാക്കുന്നവയുമായിരിക്കണം എന്ന ആഗ്രഹത്തോടെയാണ് കർമപദ്ധതികൾ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. സ്വയം നവീകരിക്കപ്പെട്ടവളായി, പൊതുസമൂഹത്തിൽ സാക്ഷ്യം നൽകുന്ന സഭയായി രൂപാന്തരപ്പെടുക എന്നതാണ് പ്രധാന ലക്ഷ്യം. കൂടുതൽ ഉണർവോടെ സുവിശേഷം പ്രഘോഷിക്കാനും ആഘോഷിക്കാനും ജീവിക്കാനും, നമ്മുടെ കുടുംബങ്ങളെ നവീകരിക്കാനും, ദൈവവിളിക്ക് പ്രാധാന്യം നൽകിക്കൊണ്ട് സഭയുടെ പ്രേഷിത ശുശ്രൂഷയെ ബലപ്പെടുത്താനും, കുട്ടികളേയും യുവജനങ്ങളെയും സഭാത്മകമായി വളർത്താനും കുടുതൽ ആർജവത്തോടെ സഹോദരീസഭകളുമായും പൊതുസമൂഹവുമായും സംവദിക്കാനും സഭയായി സന്നദ്ധരാകുക എന്ന ലക്ഷ്യത്തോടെയാണ് നാം പുനരൈക്യ ശതാബ്ദി ആഘോഷങ്ങൾക്കു രൂപം നൽകിയിരിക്കുന്നത്.

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ 16:15) എന്ന യേശുവിന്റെ പ്രേഷിത ആഹ്വാനത്തെ (missionary mandate) അടിസ്ഥാനപ്പെടുത്തിയാണ് സഭയുടെ എല്ലാ ശുശ്രൂഷകളെയും സഭ മനസിലാക്കുകയും ക്രമീകരിക്കുകയും ചെയ്യുക. അടിസ്ഥാനപരമായി സുവിശേഷ പ്രഘോഷണം എന്ന ദൗത്യമാണ് സഭയ്ക്കുള്ളത്. സുവിശേഷം പ്രഘോഷി

ക്കുക എന്ന ദൗത്യത്തിന് സുവിശേഷം പഠിപ്പിക്കുക (teach), സുവിശേഷം ആഘോഷിക്കുക (celebrate), സുവിശേഷം ജീവിക്കുക (live) എന്നീ ത്രിവിധ ദൗത്യങ്ങളാണുള്ളത്. സുവിശേഷം പഠിപ്പിക്കുക എന്നതിൽ നിന്നും വി. ലിഖിത പഠനവും, സുവിശേഷം ആഘോഷിക്കുക എന്നതിൽ നിന്നും ആരാധനാക്രമം അഥവാ കൂദാശാപഠനവും, സുവിശേഷം ജീവിക്കുക എന്നതിൽ നിന്നും സാക്ഷ്യത്തിലൂടെ (ഉപവിയിലൂടെ) ഉളവാകുന്ന ശുശ്രൂഷകളെയും സഭ അർഥമാക്കുന്നു. ഈ ത്രിവിധ ദൗത്യങ്ങൾ യേശുവിന്റെ മിശിഹായ്ക്കടുത്ത പ്രവാചക, പുരോഹിത, രാജകീയ ദൗത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ചിന്തയിൽ അധിഷ്ഠിതമായി അടുത്തുവരുന്ന വർഷങ്ങൾ പുനരൈക്യ ശതാബ്ദിക്കുള്ള ഒരുക്കമായി സഭ നിശ്ചയിച്ചിരിക്കുന്നു.

1. **വചന വർഷം (Year of the Word of God)** 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ – വി. ലിഖിതത്തിന്റെ വി. വായനയ്ക്കും (*Lectio Divina*) വി. ലിഖിതത്തിന്റെ പഠനത്തിനും പ്രാധാന്യം നൽകുന്നു.
2. **കൂദാശാ വർഷം (Year of Sacraments)** 2025 സെപ്തംബർ 20 മുതൽ 2026 സെപ്തംബർ 19 വരെ – കൂദാശകൾക്കും ആരാധനാക്രമത്തിനും വിശ്വാസ പഠനത്തിനും പ്രാധാന്യം നൽകുന്നു.
3. **ഉപവി വർഷം (Year of Charity)** 2026 സെപ്തംബർ 20 മുതൽ 2027 സെപ്തംബർ 19 വരെ – യേശുവിന്റെ കാരുണ്യ സ്പർശനം എല്ലാവർക്കും ലഭിക്കുവാൻ ഇടയാവണം എന്നതിന് ഊന്നൽ നൽകുന്നു.
4. **കുടുംബ വർഷം (Year of Family)** 2027 സെപ്തംബർ 20 മുതൽ 2028 സെപ്തംബർ 19 വരെ – കുടുംബബന്ധങ്ങൾക്കും കുടുംബത്തിലെ ആധ്യാത്മികതയ്ക്കും കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾക്കും പ്രാധാന്യം നൽകുന്നു.
5. **പ്രേഷിത – ദൈവവിളി വർഷം (Year of Mission)** 2028 സെപ്തംബർ 20 മുതൽ 2029 സെപ്തംബർ 19 വരെ – പൗരോഹിത്യ സന്യസ്ത ദൈവവിളികൾക്കും പ്രേഷിത ശുശ്രൂഷയ്ക്കും പ്രാധാന്യം നൽകുന്നു.
6. **ബാല-യുവജന സമർപ്പണ വർഷം (Commitment Year of Children and Youth)** 2028 സെപ്തംബർ 20 മുതൽ 2029 സെപ്തംബർ 19 വരെ– ബാല-യുവജന സമർപ്പണ വർഷം എന്നതുകൊണ്ട് സഭയിൽ കുട്ടികൾ സഭാത്മകമായ ആഭിമുഖ്യമുള്ളവരായി വളരുന്ന

തിനും യുവജനങ്ങൾ സഭയിൽ നിലവിലുള്ളതും തുടരേണ്ടതുമായ ശുശ്രൂഷകൾക്ക് നേതൃത്വവും കൈത്താങ്ങും നൽകുന്നതിനും സമർപ്പണം വാഗ്ദാനം ചെയ്യുന്ന പദ്ധതികളാണ് ക്രമീകരിക്കുക.

7. **ശതാബ്ദി വർഷം (Year of Centenary) – കൃതജ്ഞതാ വർഷം** 2029 സെപ്തംബർ 20 മുതൽ 2030 സെപ്തംബർ 20 വരെ– പുനരൈക്യത്തെ കുറിച്ചും പുനരൈക്യത്തിന് നേതൃത്വം കൊടുത്ത വ്യക്തികളെ കുറിച്ചും കൂടുതൽ പഠിക്കുന്നതിനും ബോധ്യം നൽകുന്നതിനും കൃതജ്ഞതാ വർഷമായി ആചരിക്കുന്നതിനുമുള്ള വർഷമാണിത്.

2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെയുള്ള **വചന വർഷത്തിന്റെ** പ്രത്യേക ചുമതല ബൈബിളിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷനായിരിക്കും. അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്തായെ ചെയർമാനായും അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലിത്താ, അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്താ എന്നിവരെ വൈസ് ചെയർമാന്മാരായും നിയമിച്ചിരിക്കുന്നു. ഏഴ് വർഷം നീണ്ടുനിൽക്കുന്ന പുനരൈക്യ ശതാബ്ദി കർമ്മപദ്ധതിയുടെ കോർഡിനേറ്ററായി കൂരിയാ ബിഷപ് അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പായെ നിയോഗിച്ചിരിക്കുന്നു. പുനരൈക്യ ശതാബ്ദിയുമായി ബന്ധപ്പെട്ട കർമപരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഒരു വൈദികന്റെ സേവനം സഭാകേന്ദ്രമായ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിൽ ലഭ്യമാകുന്നതാണ്. 2024 സെപ്തംബർ 21–ന് പാറശാല ഭദ്രാസനത്തിൽ നടത്തപ്പെടുന്ന 94–ാം പുനരൈക്യ വാർഷികത്തിൽ വചനവർഷം ഉത്ഘാടനം ചെയ്യപ്പെടുന്നതാണ്.

### 3. പുനരൈക്യ ആഘോഷ വേദികൾ

അടുത്തുവരുന്ന പുനരൈക്യ ആഘോഷ വേദികൾ താഴെപറയുന്ന ഭദ്രാസനങ്ങളിലായിരിക്കും.

2024 – പാറശാല ഭദ്രാസനം
2025 – പത്തനംതിട്ട ഭദ്രാസനം
2026 – സെന്റ് എഫ്രേം ഖട്കി–പൂനെ ഭദ്രാസനം
2027 – ബത്തേരി ഭദ്രാസനം
2028 – മാവേലിക്കര ഭദ്രാസനം
2029 – തിരുവല്ല അതിഭദ്രാസനം – ശതാബ്ദി ഉദ്ഘാടനം
2030 – തിരുവനന്തപുരം മേജർ അതിഭദ്രാസനം – ശതാബ്ദി സമാപനം.

**4. മലങ്കര സുറിയാനി കത്തോലിക്കാ പാസ്റ്ററൽ കൗൺസിൽ**

മലങ്കര സുറിയാനി കത്തോലിക്കാ സഭാ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതിന് സഭയുടെ 28-ാമത് പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. ഈ കൗൺസിൽ നമ്മുടെ സഭയിൽ ആദ്യമായിട്ടാണ് രൂപീകരിക്കുന്നത്. ഭദ്രാസന പാസ്റ്ററൽ കൗൺസിലിന്റെ രൂപത്തിൽ നമ്മുടെ സഭയുടെ മുഴുവൻ പ്രാതിനിധ്യ സ്വഭാവത്തോടുകൂടി രൂപീകരിക്കുന്ന ഈ കൗൺസിലിൽ മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായരും ഉൾപ്പെടുന്നു. ഇതിന്റെ ആദ്യ മീറ്റിംഗ് സെപ്തംബർ 20-ന് തിരുവനന്തപുരത്ത് നടത്തപ്പെടുന്നതാണ്. തുടർനടപടികൾ വരും ദിവസങ്ങളിൽ അറിയിക്കുന്നതാണ്.

**5. 94-ാം പുനരൈക്യം വാർഷികം പാറശാലയിൽ**

2024 സെപ്തംബർ 20-21 തീയതികളിൽ 94-ാം പുനരൈക്യ വാർഷികം പാറശാല ഭദ്രാസനത്തിൽ വെങ്ങാനൂർ വി.പി.എസ് മലങ്കര കാത്തലിക് ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ നടത്തപ്പെടുന്നതാണ്. സെപ്തംബർ 20-ന് വൈകിട്ട് സുവിശേഷ സന്ധ്യയും 21-ന് രാവിലെ 8.00 മുതൽ 10.30 വരെ എം.സി.സി.എൽ., എം.സി.വൈ.എം., എം.സി.എ. എന്നീ സംഘടനകളുടെ സമ്മേളനവും 10.30 മുതൽ വി. കുർബാനയും പൊതുസമ്മേളനവും നടത്തപ്പെടുന്നതാണ്. ഉച്ചയ്ക്ക് 1.30ന് സ്നേഹവിരുന്നോടുകൂടി വാർഷികാഘോഷങ്ങൾ സമാപിക്കുന്നതാണ്.

**6. മലങ്കര സുറിയാനി കത്തോലിക്കാ യുവജന മതബോധന ഗ്രന്ഥം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾക്ക് ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്നതിനുള്ള മതബോധന ഗ്രന്ഥം 2025 മെയ് മാസത്തിൽ വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച് ജൂണിൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ട്രൈബ്യൂണൽ സെക്രട്ടറിയായി റവ. ഡോ. ജോർജ് തോമസ് കൊച്ചുവിളയിലിനെ നിയമിച്ചു. നമ്മുടെ സഭയിലെ മൈനർ സെമിനാരി പരിശീലനത്തിന്റെ നാലാം വർഷം 2024 ജൂൺ മുതൽ പാറശാല ഭദ്രാസനത്തിലെ കാട്ടാക്കട ബേത്ലഹേം ഹോമിൽവെച്ച് നടത്തപ്പെടുന്നതായിരിക്കും. റവ. ഫാ. റോയി വയലിറക്കത്ത് ഡയറക്ടറായി നിയമിതനായി.

പുനരൈക്യ ശതാബ്ദി ഒരുക്കങ്ങൾ ആത്മീയ സാക്ഷ്യത്തിനു ഉപകരിക്കുവാൻ സഭാംഗങ്ങൾ ഏവരും തീക്ഷ്ണമായി പ്രാർത്ഥിക്കുകയും എല്ലാറ്റിലും പൂർണമായി സഹകരിക്കുകയും വേണമെന്നത് ഓർക്കുമല്ലോ.

സുവിശേഷ സംഘാംഗങ്ങൾ ഏവരും ആഴ്ചയിൽ രണ്ടു പ്രാവശ്യം ഈ നിയോഗത്തിൽ ഉപവസിച്ച് പ്രാർത്ഥിക്കേണ്ടതാണ്. ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

N.B.: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

## പുനരൈക്യ ശതാബ്ദി ആഘോഷ ഒരുക്കം 2024-2030

# വചനവർഷം - Year of the Word of God

**2024 സെപ്തംബർ 20 – 2025 സെപ്തംബർ 19**

## സർക്കുലർ

17.08.2024

**Prot No.** CCL 4/2024

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യത്തിന്റെ ശതാബ്ദി 2030-ൽ ആഘോഷിക്കുവാനൊരുങ്ങുന്ന പശ്ചാത്തലത്തിൽ 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ വചനവർഷമായി നാം ആചരിക്കുകയാണ്. “എന്റെ വചനത്തിൽ വസിക്കുക“ (യോഹ 15:7) എന്ന ആപ്തവാക്യത്തിൽ അധിഷ്ഠിതമായാണ് വചനവർഷത്തിന്റെ പഠനരേഖയും കർമപദ്ധതിയും നാം വിഭാവനം ചെയ്തിരിക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു വർഷം വചനത്തിൽ നിമഗ്നമായിരിക്കാൻ പരിശ്രമിക്കുകയാണ്. വി. ലിഖിതത്തെക്കുറിച്ചുള്ള ആഴമായ അറിവും അനുഭവവും നമ്മുടെ വിശ്വാസികൾക്കു ലഭിക്കാൻ ഈ വചനവർഷം ലക്ഷ്യം വയ്ക്കുന്നു. “വി. ലിഖിതത്തെക്കുറിച്ചുള്ള അജ്ഞത യേശുക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്” എന്ന് വി. ജെറോം പഠിപ്പിക്കുന്നു. സുവിശേഷത്തെക്കുറിച്ച് നൊമ്പരമില്ലാത്ത ഒരു സഭയ്ക്ക് അധോഗതിയേയുണ്ടാകുകയുള്ളു എന്ന് ധന്യൻ മാർ ഈവാനിയോസ് പിതാവ് തന്റെ ആത്മകഥയായ

ഗിരിദീപത്തിലൂടെ നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. അതിനാൽ വചന വർഷം നമ്മുടെ സഭയ്ക്ക് ഒരു വലിയ ആത്മീയ അനുഭവമായി മാറണം. അതിനുവേണ്ട എല്ലാ പരിശ്രമങ്ങളിലും സഭാമക്കളെല്ലാവരും ഹൃദയപൂർവം പങ്കുചേരണമെന്ന് ഞാൻ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

വചനവർഷത്തിൽ നാം പ്രത്യേകം ഊന്നൽ കൊടുക്കുന്ന നാല് കാര്യങ്ങളാണ് താഴെ വിവരിക്കുന്നത്.

**1. വിശുദ്ധ ഗ്രന്ഥത്തിന്റെ വിശുദ്ധ വായന (ലെക്സിയോ ദിവീന)**

വിശുദ്ധ ലിഖിതം എപ്രകാരം വായിക്കണം, വിചിന്തനം ചെയ്യണം, പ്രാർത്ഥിക്കണം, ധ്യാനിക്കണം, ജീവിക്കണം, സാക്ഷ്യം നൽകണം എന്നതിന്റെ പരിശീലനമാണ് ലെക്സിയോ ദിവീന. ഇതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ പഠനരേഖയിൽ പ്രത്യേകം നൽകിയിട്ടുണ്ട്. വി. ബൈബിളിലെ കർത്താവിനെ കണ്ടുമുട്ടുവാനും അനുഭവിക്കുവാനും വിശ്വാസികളെ പ്രത്യേകം ഒരുക്കുന്നതോടൊപ്പം വിശുദ്ധ ലിഖിതത്തോട് ആഴമായ സ്നേഹവും ആദരവും രൂപപ്പെടുത്തുന്നതിന് വിശ്വാസികളെ ഒരുക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യംവയ്ക്കുക.

**വിശുദ്ധ ഗ്രന്ഥത്തിന്റെ വിശുദ്ധ വായന (ലെക്സിയോ ദിവീന) പരിശീലനം വൈദികജില്ലകളിൽ**

ലെക്സിയോ ദിവീനായുടെ പരിശീലനത്തിനായി ഓരോ ഇടവകയിൽനിന്നും 5 അംഗങ്ങൾക്ക് ജില്ലാതലത്തിൽ പ്രത്യേക പരിശീലനം നൽകുന്നതാണ്. ഓരോ ഇടവകയിൽനിന്നും 2 സണ്ടേസ്കൂൾ അധ്യാപകർ, ഒരു എം.സി.എ., എം.സി.വൈ.എം, എം.സി.എം.എഫ്. പ്രതിനിധികൾ ഉൾകൊള്ളുന്ന 5 പേരെ ഇടവക വൈദീകർ ജില്ലാ പരിശീലനത്തിന് അയയ്ക്കേണ്ടതാണ്. കൂടാതെ, ഇടവക പ്രാർത്ഥനാ യോഗത്തിന്റെ ലീഡേഴ്സിന് ജില്ലയിൽവെച്ച് പ്രത്യേക പരിശീലനം നൽകുന്നതാണ്. ഇപ്രകാരം ഓരോ ഇടവകയിൽനിന്നും ലെക്സിയോ ദിവീനായുടെ പരിശീലനത്തിനായി വ്യക്തികളെ ജില്ലകളിലേക്ക് അയയ്ക്കുന്നതിന് ബഹു. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജില്ലാ വികാരിമാർ ഭദ്രാസന ബൈബിൾ അപ്പസ്തലേറ്റ് ഡയറക്ടറുമായി കൂടിയാലോചിച്ച് ഇതിനായി പ്രത്യേക ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ജില്ലകളിൽ പരിശീലനം നൽകുന്നതിനായി ഓരോ വൈദിക ജില്ലയിൽ നിന്നും ഒരു വൈദികൻ, ഒരു സന്യാസിനി, ഒരു അത്മായൻ എന്നീ തലത്തിൽ പരിശീലനം നൽകി നിയോഗിച്ചിട്ടുണ്ട്.

**വിശുദ്ധ ഗ്രന്ഥത്തിന്റെ വിശുദ്ധ വായന (ലെക്സിയോ ദിവീന) പരിശീലനം ഇടവകയിൽ**

a. **എം.സി.സി.എൽ.** കുട്ടികൾക്ക് എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ വിശുദ്ധ കുർബാനയോട് ചേർന്ന് ലെക്സിയോ ദിവീനായുടെ പരിശീലനം നൽകേണ്ടതാണ്. 4 മുതൽ 7 വരെയും 8 മുതൽ 12 വരെയുമുള്ള ക്ലാസുകളിലുള്ള കുട്ടികളെ രണ്ട് വിഭാഗങ്ങളായി തിരിച്ച് പരിശീലനം നേടിയ സണ്ടേസ്കൂൾ അധ്യാപകർ ഇതിന് നേതൃത്വം നൽകേണ്ടതാണ്.

b. **എം.സി.എ.** അംഗങ്ങൾക്ക് മാസത്തിൽ ഒരിക്കൽ ലെക്സിയോ ദിവീനായുടെ പരിശീലനം നൽകേണ്ടതാണ്. ജില്ലാതലത്തിൽ പരിശീലനം നേടിയ എം.സി.എ. അംഗം ഇതിന് നേതൃത്വം നൽകേണ്ടതാണ്.

c. **എം.സി.വൈ.എം.** അംഗങ്ങൾക്ക് മാസത്തിൽ ഒരിക്കൽ ലെക്സിയോ ദിവീനായുടെ പരിശീലനം നൽകേണ്ടതാണ്. ജില്ലാതലത്തിൽ പരിശീലനം നേടിയ എം.സി.വൈ.എം. അംഗം ഇതിന് നേതൃത്വം നൽകേണ്ടതാണ്.

d. **എം.സി.എം.എഫ്.** അംഗങ്ങൾക്ക് മാസത്തിൽ ഒരിക്കൽ ലെക്സിയോ ദിവീനായുടെ പരിശീലനം നൽകേണ്ടതാണ്. ജില്ലാതലത്തിൽ പരിശീലനം നേടിയ എം.സി.എം.എഫ്. അംഗം ഇതിന് നേതൃത്വം നൽകേണ്ടതാണ്.

e. **ഇടവകയിൽ നടത്തപ്പെടുന്ന വെള്ളിയാഴ്ച പ്രാർത്ഥനകളിൽ** ലെക്സിയോ ദിവീനാ രീതി പരിശീലിപ്പിക്കേണ്ടതാണ്. പരിശീലനം നേടിയ ഇടവകയിലെ വ്യക്തികൾ ഇതിന് നേതൃത്വം നൽകേണ്ടതാണ്.

f. **ഞായറാഴ്ചകളിലെ കുടുംബ പ്രാർത്ഥനകളിൽ** ലെക്സിയോ ദിവീനാ പരിശീലിപ്പിക്കേണ്ടതാണ്. പരിശീലനം നേടിയ പ്രാർത്ഥനായോഗ ലീഡേഴ്സ് ഇതിന് നേതൃത്വം നൽകേണ്ടതാണ്.

g. **ലെക്സിയോ ദിവീനാ ഭവനങ്ങളിൽ:** ഇടവക വികാരിമാർ ഭവനങ്ങൾ സന്ദർശിച്ച് സന്ധ്യാപ്രാർത്ഥനയോടുകൂടി വിശുദ്ധ ഗ്രന്ഥത്തിന്റെ വിശുദ്ധ വായന ഒന്നിലധികം പ്രാവശ്യം ഭവനങ്ങളിൽ നടത്തുന്നതാണ്. അതിനുശേഷം ഇടവകയിലെ സന്യാസിനീ ഭവനങ്ങളിലെ സന്യസ്തർ, ഇടവകയിൽനിന്നും പരിശീലനം നേടിയവർ, സുവിശേഷ സംഘാംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ

രണ്ടുപേർ വീതം ഭവനങ്ങളിൽ ഈ ശുശ്രൂഷ തുടരുന്നതാണ്. അതിനുവേണ്ട ക്രമീകരണങ്ങൾ ഇടവക വികാരിമാർ ചെയ്യേണ്ടതാണ്.

**h. ലെക്സിയോ ദിവീനാ ഇടവകയിൽ:** ഓരോ ഇടവകയിലും ഇടവക ജനത്തിന് പൊതുവായി ലെക്സിയോ ദിവീനായുടെ പരിശീലനം നടത്തേണ്ടതാണ്. ഓരോ വൈദിക ജില്ലയ്ക്കും ചുമതലയുള്ള വൈദികൻ, സിസ്റ്റർ, അല്മായൻ എന്നിവരുടെ നേതൃത്വത്തിൽ ഇടവകയിൽ പൊതുവായി ആദ്യ പരിശീലനം നടത്തുന്നതാണ്. അതിനുശേഷം ഇടവക വികാരി നേരിട്ട് അതിന് നേതൃത്വം നൽകേണ്ടതാണ്.

ഇടവക വികാരിമാർ ലെക്സിയോ ദിവീനായുടെ പരിശീലനം ഇടവകയുടെ എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് നേതൃത്വം നൽകേണ്ടതാണ്.

## വചനവർഷം ഇടവകതലത്തിൽ

**2024 സെപ്തംബർ 20-ന് വചനവർഷം ഔദ്യോഗികമായി ആരംഭിക്കും. ഓരോ ഇടവകയിലും സെപ്തംബർ 29-ന് ഞായറാഴ്ച വചനവർഷം ഔദ്യോഗികമായി ആരംഭിക്കേണ്ടതാണ്.** ഞായറാഴ്ച രാവിലെ പ്രഭാത പ്രാർത്ഥനയ്ക്ക് ശേഷം പള്ളിയുടെ പ്രധാന കവാടത്തിൽനിന്നും ബൈബിൾ പ്രതിഷ്ഠ നടത്തേണ്ടതാണ്. പുരോഹിതൻ കൈയിൽ വിശുദ്ധ ബൈബിൾ വഹിക്കുകയും കത്തിച്ച തിരി മദ്ബഹാസ, ധൂപം എന്നിവയുടെ അകമ്പടിയോടെ പള്ളിയുടെ പ്രധാന കവാടത്തിൽനിന്നും ബൈബിൾ പ്രദക്ഷിണം ആരംഭിച്ച് നമസ്കാര മേശയിൽ ബൈബിൾ പ്രതിഷ്ഠിക്കേണ്ടതാണ്. കത്തുന്ന തിരികൾ ഇരുവശത്തും വയ്ക്കേണ്ടതാണ്. തുടർന്ന്, വി. യോഹന്നാന്റെ സുവിശേഷം 1-ാം അധ്യായം 1 മുതൽ 5 വരെ വായിക്കുകയും തുടർന്ന് 15 മിനിറ്റിൽ വചന വർഷത്തിന്റെ സന്ദേശം നൽകുകയും ചെയ്യേണ്ടതാണ്. അതിനുശേഷം കുടുംബനാഥന്മാർക്ക് കത്തിച്ച തിരിയും വചന വർഷത്തിന്റെ പഠനരേഖയുടെ ലഘുപതിപ്പും വീടുകളിൽ എല്ലാ ദിവസവും പ്രാർഥിക്കാനുള്ള പ്രാർഥനാ കാർഡും നൽകികൊണ്ട് ഈ ശുശ്രൂഷ പൂർത്തിയാക്കുന്നു.

## വചനവർഷം കുടുംബങ്ങളിൽ

സെപ്തംബർ 29-ന് ഞായറാഴ്ച സന്ധ്യയ്ക്ക് 7 മണിക്ക് കുടുംബനാഥൻ ഭവനത്തിൽ ഭവനാംഗങ്ങളോടുചേർന്ന് തിരി കത്തിച്ചു വി.

യോഹന്നാന്റെ സുവിശേഷം 1-ാം അധ്യായം 1 മുതൽ 5 വരെയുള്ള ഭാഗങ്ങൾ വായിച്ചുകൊണ്ട് ബൈബിൾ പ്രതിഷ്ഠ നടത്തേണ്ടതാണ്. തുടർന്ന് സന്ധ്യാപ്രാർത്ഥനയും വചനവർഷത്തിന്റെ പ്രത്യേക പ്രാർത്ഥനയും നടത്തേണ്ടതാണ്. എല്ലാ ഭവനങ്ങളിലും വി. ബൈബിൾ വയ്ക്കുന്നതിന് മേശ, സ്റ്റാൻഡ്, ഒരു കുരിശ്, രണ്ട് തിരി എന്നിവ ബൈബിൾ പ്രതിഷ്ഠയ്ക്കായി കരുതേണ്ടതാണ്.

## 2. ബൈബിൾ പഠനം ഓൺലൈനിൽ

പതിനായിരം പേർ പങ്കെടുക്കുന്ന ബൈബിൾ പഠനം. 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ ആഴ്ചയിൽ ഒരിക്കൽ 2 മണിക്കൂർ വീതമുള്ള ബൈബിൾ പഠനം മലങ്കര കാത്തലിക് ടീവി യൂട്യൂബ് ചാനലിലൂടെ നടത്തപ്പെടുന്നതാണ്. 50 എപ്പിസോഡുകളായി ഈ പഠനപരമ്പര നടത്തപ്പെടുന്നതാണ്. ഒരു ഇടവകയിൽനിന്നും കഴിയുന്നത്ര ആളുകൾ (കുറഞ്ഞത് 10 പേരെങ്കിലും) ഇതിൽ സംബന്ധിക്കേണ്ടതാണ്. 10 എപ്പിസോഡുകൾ പൂർത്തിയാകുമ്പോൾ ഇടവകകളിൽ വച്ച് ഓൺലൈൻ പരീക്ഷകൾ നടത്തപ്പെടുന്നതാണ്.

## 3. ബൈബിൾ വാക്യരചന

ഇടവകതലത്തിൽ ബൈബിൾ വാക്യരചനാ പരീക്ഷ നടത്തപ്പെടുന്നതാണ്. സന്ദർഭമനുസരിച്ച് മനഃപാഠമാക്കാനുള്ള ബൈബിൾ വാക്യം സഭാകേന്ദ്രത്തിൽനിന്നും നൽകപ്പെടുന്നതാണ്.

## 4. ബൈബിൾ പാരായണം ഒരു വർഷത്തിനുള്ളിൽ

ഒരു വർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാനുള്ള നിർദ്ദേശം മുന്നോട്ട് വയ്ക്കുന്നു. സന്ധ്യയ്ക്ക് പുതിയ നിയമത്തിൽനിന്നും 2 അധ്യായവും പ്രഭാതത്തിൽ പഴയനിയമത്തിൽനിന്നും 2 അധ്യായവും തുടർച്ചയായി വായിച്ചാൽ ഒരു വർഷംകൊണ്ട് ബൈബിൾ വായന പൂർത്തിയാക്കാവുന്നതാണ്. പുതിയ നിയമത്തിൽ മത്തായിയുടെ സുവിശേഷം 1-ാം അധ്യായം മുതലും പഴയനിയമത്തിൽ ഉല്പത്തി 1-ാം അധ്യായം മുതലും ആരംഭിക്കേണ്ടതാണ്. പുതിയ നിയമം വായിച്ചുകഴിയുമ്പോൾ സങ്കീർത്തനങ്ങളും തുടർന്ന് പ്രവാചക ഗ്രന്ഥങ്ങളും വായിക്കാവുന്നതാണ്.

വചന വർഷത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ബഹുമാനപ്പെട്ട ഇടവക വികാരിമാരോടൊപ്പം ഇടവകജനങ്ങളും പങ്കുചേരുകയും

വചനവർഷം അനുഗ്രഹപ്രദമാക്കിത്തീർക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവം ഉദ്ബോധിപ്പിക്കുന്നു. വചന വർഷം ഏറ്റവും അനുഗ്രഹപ്രദമാക്കാൻ ദൈവം നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ. ദൈവവചനം പ്രാർഥനാപൂർവം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ഒരു സമൂഹമായി നമ്മുടെ സഭ സ്ഥിരീകരിക്കപ്പെടേണ്ടതുണ്ട്. വചനനിറവും പരിശുദ്ധാത്മാഭിഷേകവും ഒരു സഭയുടെ അന്തഃസത്തയെ വെളിവാക്കുന്നതാണ്. പുനരൈക്യ ശതാബ്ദിയുടെ പ്രഥമ വർഷം വചനത്താൽ സഭാമക്കളും സഭാശുശ്രൂഷകരും നിറയപ്പെടട്ടെ എന്ന് പ്രാർഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselioscleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

17.08.2024

കാതോലിക്കേറ്റ് സെന്റർ

പട്ടം, തിരുവനന്തപുരം

N.B. ഈ സർക്കുലർ സെപ്തംബർ 1-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.




2024 ആഗസ്റ്റ് 16–ാം തീയതി ബഹു. എം.പി. ശ്രീ. ഫ്രാൻസിസ് ജോർജും കുടുംബവും
അഭിവന്ദ്യ പിതാവിനെ അരമനയിൽ സന്ദർശിച്ചപ്പോൾ











മൂവാറ്റുപുഴ ഭദ്രാസനത്തിലെ വൈദിക സമിതിയുടേയും പാസ്റ്ററൽ കൗൺസിലിന്റേയും
സംയുക്ത യോഗം 2024 ആഗസ്റ്റ് 31–ാം തീയതി വിമലഗിരി അരമനയിൽ വച്ച്
നടത്തപ്പെട്ടപ്പോൾ

## അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ അജപാലന സന്ദർശനം പൂർത്തിയാക്കിയ ഇടവകകൾ



പെരുമ്പാവൂർ (04.08.2024)



കാക്കനാട് (11.08.2024)



തമ്മാനിമറ്റം (18.08.2024)



നീറാമുകൾ (25.08.2024)



ഒലവക്കോട് (01.09.2024)



മാന്നാമംഗലം (29.09.2024)



കോയമ്പത്തൂർ മിഷനിൽ പുതിതായി നിർമ്മിക്കുന്ന വൈദിക മന്ദിരത്തിന്റെ ശിലാസ്ഥാപനം 2024 സെപ്റ്റംബർ 14–ന് അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചപ്പോൾ





മൂവാറ്റുപുഴ ഭദ്രാസനത്തിലെ വചന വർഷ ഉദ്ഘാടനവും വൈദികർക്കുള്ള ലക്സിയോ ദിവിന പരിശീനവും 2024 സെപ്റ്റംബർ 27–ന് പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടപ്പോൾ





പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട ജോസഫ് കാപ്പിൽ അച്ചനും ബഹുമാനപ്പെട്ട കുര്യാക്കോസ് നെല്ലാട്ട് അച്ചനും ഭദ്രാസനത്തിന്റെ ആദരവ് ഏറ്റുവാങ്ങുന്നു

# സഭാതല വാർത്തകൾ

## വയനാടിന് ഒരു കൈത്താങ്ങായി മലങ്കര സുറിയാനി കത്തോലിക്കാസഭ

വയനാട് ജില്ലയിലെ ചൂരൽമലയിലും മുണ്ടക്കൈയിലും മറ്റും ഉണ്ടായ ഉരുൾപൊട്ടലിൽ ദുരിത ബാധിതർക്ക് ബത്തേരി ഭദ്രാസനത്തിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ ശ്രേയസ് മുഖേന ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. ഭദ്രാസനത്തിലെ വിവിധഭക്ത സംഘടനകളും എം. സി. വൈ. എം സംഘടനയും വൈദികരും സന്യസ്തരും അലമായരും ദുരന്തത്തിന് ഇരയാവർക്ക് ആവശ്യമായ ഭക്ഷണവും സഹായങ്ങളും എത്തിക്കുകയും ചെയ്തു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് രക്ഷപ്രവർത്തനങ്ങൾക്കും ഭദ്രാസന അംഗങ്ങൾ ത്യാഗപൂർവം പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്യണമെന്നും ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രപൊലീത്ത അറിയിച്ചു.

## വചനവർഷം വൈദികർക്കായുള്ള പരിശീലനം നടത്തപ്പെട്ടു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി, വൈദികർക്കായുള്ള വചനവർഷം 2024-25 വർഷത്തെ റിസോഴ്സ് ടീം രൂപീകരണത്തിന്റെ പരിശീലനം ജൂലൈ 30 മുതൽ ഓഗസ്റ്റ് 1 വരെ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. ബൈബിൾ സിനഡൽ കമ്മീഷൻ സെക്രട്ടറി ഫാ. സിറിൽ ആനന്ദ് ഓ. ഐ. സി. സ്വാഗതം ആശംസിച്ചു. മീറ്റിംഗ്, വചന വർഷത്തിന്റെ ചെയർമാൻ അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്താ, കൂരിയ മെത്രാനും ശതാബ്ദി ആഘോഷങ്ങളുടെ കോഓർഡിനേറ്ററുമായ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പ, ജൂബിലി കോഓർഡിനേറ്റർ ഫാ. സെബാസ്റ്റ്യൻ ഏടയത്ത്, ഫാ. ബെനഡിക്ട് മൂഴിക്കര ഓ. ഐ. സി, സിസ്റ്റർ മേരി പ്രസാദ് ഡി. എം. എന്നിവർ "ലെക്സിയോ ദിവീന"ക്കും, ക്ളാസ്സുകൾക്കും നേതൃത്വം നൽകി. ഓഗസ്റ്റ് 1-ന് അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പയുടെ മുഖ്യകാർമ്മികത്വത്തിൽ ധന്യൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ കബറിങ്കൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് മോറാൻ

മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്ക ബാവ വൈദികരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

## വചനവർഷം സന്യസ്തർക്കായുള്ള പരിശീലനത്തിന് തുടക്കം കുറിച്ചു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി, സന്യാസിനികൾക്കായുള്ള വചനവർഷം 2024 –25 വർഷത്തെ റിസോഴ്സ് ടീം രൂപീകരണത്തിന്റെ പരിശീലനം ഓഗസ്റ്റ് 2–ന് തിരുവനന്തപുരം നാലാഞ്ചിറ ബഥനി മഠത്തിൽ വച്ച് തുടക്കമായി. ബൈബിൾ സിനഡൽ കമ്മീഷൻ സെക്രട്ടറി ഫാ. സിറിൽ ആനന്ദ് ഓ. ഐ. സി. സ്വാഗതം ആശംസിച്ചു കൂരിയ മെത്രാനും ശതാബ്ദി ആഘോഷങ്ങളുടെ കോഓർഡിനേറ്ററുമായ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പ മീറ്റിംഗ് ,ഉത്ഘാടനം ചെയ്തു. അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പ, ജൂബിലി കോഓർഡിനേറ്റർ ഫാ. സെബാസ്റ്റ്യൻ എടയത്ത്, ഫാ. ബെനഡിക്ട് മൂഴിക്കര ഓ. ഐ. സി, സിസ്റ്റർ മേരി പ്രസാദ് ഡി. എം. എന്നിവർ 'ലെക്സിയോ ദിവീന'ക്കും, ക്ളാസ്സുകൾക്കും നേതൃത്വം നൽകും.

## ഓർമ്മപ്പെരുന്നാൾ

ഡൽഹി ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ പ്രഥമ അധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ മൂന്നാമത് ഓർമ്മപ്പെരുന്നാൾ നെബ് സെറായ് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് 2024 ഓഗസ്റ്റ് 26–ന് ആചരിച്ചു. പൂനെ ഖഡ്കി ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലും ഡൽഹി ഗുഡ്ഗാവ് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ സഹകാർമ്മികത്വത്തിലും വിശുദ്ധ കുർബാനയും കബറിങ്കൽ ധൂപപ്രാത്ഥനയും അർപ്പിച്ചു. ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് ഓഗസ്റ്റ് 25–ന് ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ മാതൃ ഇടവകയായ നീരാട്ടുകാവ് സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട വിശുദ്ധ കുർബാനയ്ക്കും ധൂപ പ്രാർഥനയ്ക്കും അമേരിക്ക കാനഡ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ കാർമ്മികത്വം വഹിച്ചു.

## പുരസ്ക്കാര സമർപ്പണ സമ്മേളനം നടത്തപ്പെട്ടു

ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷന്റെ 18-ാമത് ആർച്ചുബിഷപ് പുരസ്ക്കാര സമർപ്പണ സമ്മേളനം ഓഗസ്റ്റ് 24-ന് തിരുവല്ല ആർച്ചുബിഷപ് മാർ ഗ്രിഗോറിയോസ് പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. തിരുവല്ല അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് അധ്യക്ഷനായിരുന്ന സമ്മേളനം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവ ഉത്ഘാടനം ചെയ്തു. മനുഷ്യനെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും പ്രവാചകതുല്യമായ ദീർഘവീക്ഷണമുണ്ടായിരുന്ന ആത്മീയാ ചാര്യനായിരുന്നു ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് എന്ന് കാതോലിക്കാ ബാവ അഭിപ്രായപ്പെട്ടു. തുടർന്ന് തിരുവനന്തപുരം നാലാഞ്ചിറ ആർച്ചുബിഷപ് മാർ ഗ്രിഗോറിയോസ് സ്നേഹവീട് ഡയറക്ടർ ഫാ. ജോർജ് ജോഷ്വാ കന്നീലേത്തിന് കാതോലിക്കാ ബാവ ആർച്ച് ബിഷപ്പ് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ പുരസ്ക്കാരം സമ്മാനിച്ചു.

## MCMF സഭാതല ദിനാഘോഷം നടത്തപ്പെട്ടു

വിശുദ്ധ മോനിക്കായുടെ തിരുനാളിനോട് അനുബന്ധിച്ച് തിരുവല്ല അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ഓഗസ്റ്റ് 28-ന് തിരുവല്ല ശാന്തിനിലയത്തിൽ വച്ച് MCMF സഭാതല സമിതി ജനനി 2024 എന്ന പേരിൽ മലങ്കര കാത്തലിക്ക് മദേഴ്സ് ഫോറം ദിനാഘോഷം നടത്തപ്പെട്ടു. കുടുംബങ്ങളുടെ സുന്നഹദോസ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ യുഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത അധ്യക്ഷനായിരുന്ന യോഗം അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് ഉത്ഘാടനം ചെയ്തു. MCMF ലോഗോ പ്രകാശനവും, ആന്തം റിലീസിങ്ങും തദവസരത്തിൽ നടത്തപ്പെട്ടു.

# ഭദ്രാസന വാർത്തകൾ

## രൂപത ആലോചന സമിതി യോഗം

ഭദ്രാസനത്തിന്റെ ആലോചന സമിതി യോഗം 2024 ജൂലൈ 31-ാം തീയതി അഭിവന്ദ്യ യുഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ അധ്യക്ഷതയിൽ വിമലഗിരി അരമനയിൽ വച്ച് നടത്തപ്പെട്ടു.

ഭദ്രാസനത്തിന്റെ കാര്യക്ഷമമായ വളർച്ചയ്ക്ക് ആവശ്യമായ ചർച്ചകൾ നടന്നു. 'ദിവ്യകാരുണ്യ വർഷാചരണത്തിന്റെ സമാപനം' എന്നതായി രുന്നു സമ്മേളനത്തിന്റെ മുഖ്യവിഷയം.

## ഫ്രാൻസിസ് ജോർജ് എം.പി.യുടെ സന്ദർശനം

2024 ആഗസ്റ്റ് പതിനാറാം തീയതി ബഹുമാനപ്പെട്ട എം.പി. ശ്രീ ഫ്രാൻസിസ് ജോർജ് കുടുംബസമേതം അഭിവന്ദ്യ പിതാവിനെ അരമനയിൽ സന്ദർശിച്ചു. ഹൃദ്യമായ ഒരു സ്വീകരണവും സ്നേഹവി രുന്നും നൽകി.

## വൈദിക സമിതി യോഗം

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ വൈദിക സമിതിയോഗം 2024 ഓഗസ്റ്റ് 31-ാം തീയതി ഉച്ചതിരിഞ്ഞ് 3:00 മണിക്ക് വിമലഗിരി അരമനയിൽവെച്ച് നടത്തപ്പെട്ടു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് പെരിയ ബഹുമാനപ്പെട്ട വർഗീസ് മഠത്തിക്കുന്നത് അച്ചൻ സ്വാഗതം ആശംസിക്കുകയും തുടർന്ന് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. വിശുദ്ധ കുർബാന വർഷാചരണത്തിന്റെ സമാപന ആഘോ ഷമായിരുന്നു പ്രധാന ചർച്ചാവിഷയം. അഭിവന്ദ്യ പിതാവ് യോഗത്തിന് അധ്യക്ഷത വഹിച്ചു.

## മൂവാറ്റുപുഴ രൂപത വൈദിക കൂട്ടായ്മയുടെയും അജപാലന സമിതിയുടെയും സംയുക്ത യോഗം

രൂപത വൈദിക സമൂഹത്തിന്റെയും അജപാലന സമിതിയുടെയും സംയുക്ത യോഗം 2024 ആഗസ്റ്റ് മാസം 31-ാം തീയതി രാവിലെ 9 മണിക്ക് വിമലഗിരി അരമനയിൽവെച്ച് നടത്തപ്പെട്ടു. ഏവർക്കും വെളിച്ചം നൽകുവാൻ ചുമതലപ്പെട്ട ആരാധന സമൂഹമായി നാം മാറണമെന്നും, സാമൂഹ്യരാഷ്ട്രീയ പൊതുമണ്ഡലങ്ങളിൽ നന്മയുടെ പ്രശോഭിത മുഖമായി സഭയും വ്യക്തികളും മാറണമെന്നും വന്ദ്യ പിതാവ് യോഗത്തിൽ ആഹ്വാനം ചെയ്തു. 2024 നവംബർ മാസം പതിനാറാം തീയതി പീച്ചിയിൽവെച്ച് നടത്തുവാനിരിക്കുന്ന ഭദ്രാസനതല ദിവ്യകാരുണ്യ വർഷാചരണ സമാപനമായിരുന്നു യോഗത്തിന്റെ മുഖ്യ ചർച്ചാവിഷയം. ആലുവ മംഗലപുഴ സെമിനാരി മുൻ റെക്ടർ റവ. ഫാ. മാത്യു ഇല്ലത്തുപറമ്പിൽ ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് നടന്ന സെമിനാറിൽ ക്ലാസ് നയിച്ചു. പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. കുര്യാക്കോസ് നെല്ലാട്ടിനെ അനുമോദിച്ചു. മൂവാറ്റുപുഴ രൂപത മുൻ ബിഷപ്പ് ഡോ. ഏബ്രഹാം മാർ ജൂലിയോസ്, രൂപതാ വികാരി ജനറൽ

വന്ദ്യ തോമസ് ഞാറക്കാട്ട് കോർഎപ്പിസ്കോപ്പാ, ചാൻസിലർ റവ. ഡോ. അനൂപ് പന്തീരായിതടത്തിൽ, അജപാലന സമിതി സെക്രട്ടറി ശ്രീ. ചാക്കോ റ്റി. വർഗീസ്, മദർ പ്രൊവിൻഷ്യൽ മദർ ജോസ്ന എസ്. ഐ. സി, എം.സി.എം. എഫ് രൂപതാ പ്രസിഡന്റ് ശ്രീമതി അന്നമ്മ തോമസ് എന്നിവർ പ്രസംഗിച്ചു. രൂപതയുടെ അഞ്ച് മേഖലകളിൽ നിന്നായി നൂറോളം പേർ പങ്കെടുത്തു.

## അജപാലന സന്ദർശനം

മൂവാറ്റുപുഴ ഭദ്രാസനത്തിലെ ഇടവക ദൈവാലയങ്ങളിലുള്ള അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയുടെ ഔദ്യോഗിക അജപാലന സന്ദർശനം 2024 ആഗസ്റ്റ് മാസം 24-ന് ആരംഭിച്ചു.

അജപാലന സന്ദർശനത്തിന്റെ അവസരത്തിൽ ഇടവകയിലെ രജിസ്റ്ററുകൾ, കണക്കുകൾ, സംഘടനകളുടെ റിപ്പോർട്ടുകൾ, ഫയലുകൾ, എന്നിവ അഭിവന്ദ്യ പിതാവ് പരിശോധിച്ചു. ഇടവക ഭരണ സമിതിയെയും, വിവിധ പ്രേഷിത സംഘടനകളുടെ ഭാരവാഹികളെയും അഭിവന്ദ്യ പിതാവ് പ്രത്യേകം കാണുകയുണ്ടായി. വിശുദ്ധ കുർബാനയർപ്പണത്തിനും വിവിധ മീറ്റിങ്ങുകൾക്കും ശേഷം ഇടവകയിലെ രോഗികളായവരെ സന്ദർശിച്ച് അവരോടൊപ്പം ഏതാനും സമയം ചിലവഴിക്കുകയും അഭിവന്ദ്യ പിതാവ് അവരെ ആശിർവദിക്കുകയും ചെയ്തു.

## വന്ദ്യ പിതാവ് അജപാലന സന്ദർശനം പൂർത്തിയാക്കിയ ഇടവകകൾ

1. 04-08-2024 : പെരുമ്പാവൂർ
2. 11-08-2024 : കാക്കനാട്
3. 18-08-2024 : തമ്മാനിമറ്റം
4. 25-08-2024 : നീറാമുകൾ
5. 01-09-2024 : ഒലവക്കോട്
6. 29-09-2024 : മാന്നാമംഗലം

## ശിലാസ്ഥാപനം

കോയമ്പത്തൂർ മിഷൻ കേന്ദ്രീകരിച്ച് പുതുതായി നിർമ്മിക്കുന്ന വൈദിക മന്ദിരത്തിന്റെ ശിലാസ്ഥാപന കർമ്മം സെപ്തംബർ 14-ന് അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

## മിഷൻ സഹായം

2021-ലെ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് മെത്രാപ്പോലീത്തായുടെ നാമഹേതുക തിരുനാളിനോട് അനുബന്ധിച്ച് ലഭിച്ച 12 ലക്ഷം രൂപ ഇപ്പോൾ 13 ലക്ഷം രൂപയാക്കി രാജസ്ഥാൻ മിഷനെ സഹായിക്കുന്നതിനായി ഡൽഹി ഗുഡ്ഗാവ് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെ ഏൽപിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

## വാർഷിക ധ്യാനം

മൂവാറ്റുപുഴ ഭദ്രാസനത്തിലെ വൈദികരുടെ വാർഷിക ധ്യാനം 2024 സെപ്റ്റംബർ 23 മുതൽ 27 വരെ പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പാലക്കാട് രൂപതാംഗമായ റവ. ഫാ. അരുൺ കലമറ്റത്തിലാണ് ധ്യാനം നയിച്ചത്.

## വചന വർഷ ഉദ്ഘാടനം

മൂവാറ്റുപുഴ ഭദ്രാസനത്തിലെ വചന വർഷത്തിന്റെ ഉദ്ഘാടനം 2024 സെപ്റ്റംബർ 27-ാം തീയതി രാവിലെ 9 മണിക്ക് പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ബൈബിൾ പ്രതിഷ്ഠയോടെ ആരംഭിച്ച യോഗം അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവും കൂരിയാമെത്രാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവും ചേർന്ന് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് ഏവർക്കും സ്വാഗതം ആശംസിച്ചു. വന്ദ്യ സിൽവാനോസ് പിതാവും ഫാദർ സെബാസ്റ്റ്യൻ എടയത്തും ചേർന്ന് വചന വർഷത്തെ പറ്റിയുള്ള ക്ലാസുകൾ നയിച്ചു. അതേ തുടർന്ന് ഭദ്രാസനത്തിലെ വൈദികർക്ക് ലെക്സിയൊ ദിവീനയുടെ പരിശീലനം അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിൻറെ നേതൃത്വത്തിൽ നൽകപ്പെട്ടു.

# കൂരിയ വാർത്തകൾ

## New Appoinment & Relieving Orders

### I. With effect from 20th August 2024

1.Rev.Dr. Varghese Panthirayithadathil - Adjutant Judicial Vicar

2.Rev.Fr. George Arackamayalil - Defender of the Bond

3.Rev Fr. Antony Venganilkunnathil - Notary

**II. With effect from 26th August 2024**

| | | |
|---|---|---|
| 4.Rev.Fr. Kuriakose Kudilil | - | Relieved of the charge as Vicar, Muringoor |
| 5.Rev.Fr. Kuriakose Mambrakkatt | - | Appointed as Vicar, St. Thomas MSCC, Muringoor |

**III. With effect from 13th October 2024**

| | | |
|---|---|---|
| 6.Rev. Fr. Kuriakose Nellattu | - | Relieved of the charge as Vicar, Keezhillam |
| 7.Rev. Fr. John Makkapalil | - | Appointed as Vicar St. Thomas MSCC, Keezhillam |

# മതബോധന വാർത്തകൾ

## വിശ്വാസ പരിശീലന ദിനം

2024 ഓഗസ്റ്റ് മാസം നാലാം തീയതി രൂപതയിലെ എല്ലാ ഇടവകകളിലും വിശ്വാസ പരിശീലന ദിനമായി ആചരിച്ചു. വിശ്വാസ പരിശീലനത്തിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ അവബോധം നൽകുവാൻ അന്നേദിവസം പ്രയോജനപ്പെടുത്തി.

## മാർ ഇവാനിയോസ് അനുസ്മരണ പ്രസംഗമത്സരം

ധന്യൻ മാർ ഇവാനിയോസ് അനുസ്മരണ പ്രസംഗമത്സരം നടത്തപ്പെട്ടു. 2024-25 വർഷത്തെ ധന്യൻ മാർ ഇവാനിയോസ് ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ മത്സരത്തിൽ ജൂനിയർ സീനിയർ വിഭാഗങ്ങളിലെ വിജയികളുടെ പേരുകൾ താഴെ ചേർക്കുന്നു:

### സീനിയർ വിഭാഗം

| | | |
|---|---|---|
| First Prize | : | Alnna V. P., Puthiyaparambil House, Chuvannamannu |
| Second prize | : | Alphonsa Vargheese, Olothil house, Anchelpetty |
| Third prize | : | Merin K Mathew, Thaniyil house Poothrika |

### ജൂനിയർ വിഭാഗം

| | | |
|---|---|---|
| First Prize | : | Ann Theresa Sijo, Pulparayil house, Kalapara |
| Second prize | : | Siona C. S. , Chakkalakal House, Peechi |
| Third prize | : | Jewel Jees , Thalayanakuzhyil House , Mamalassery |

# എം.സി.വൈ.എം. വാർത്തകൾ

## വൈദിക ദിനം

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് പിറവം വൈദിക ജില്ലയിലെ ബഹുമാനപ്പെട്ട വൈദികരെ പിറവം മേഖല സമിതിയുടെ ആഭിമുഖ്യത്തിൽ 4/8/2024 ഞായറാഴ്ച പെരുവാ യൂണിറ്റിൽ വെച്ച് ആദരിച്ചു. വൈദികരെ പൊന്നാട അണിയിക്കുകയും ചെയ്തു.

## ദിഗന്ത പ്രവാചകൻ കവിത രചന മത്സരം

ധന്യൻ മാർ ഈവനിയോസ് പിതാവിന്റെ ഓർമ്മ പെരുന്നാളിന്നോടനുബന്ധിച്ചു, എം.സി.വൈ.എം. പിറവം വൈദിക ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ രൂപത തലത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ ധന്യ ജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി ഓൺലൈൻ കവിത രചന മത്സരം ജൂലൈ 8-14 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു.പീച്ചി, കുന്നംകുളം മേഖലകളിൽ നിന്നും മത്സരാർഥികൾ പങ്കെടുത്തിരുന്നു. കുന്നംകുളം വൈദിക ജില്ലയിലെ കട്ടിളപ്പൂവം യൂണിറ്റിലെ ജെസ്സി ബെന്നി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

## ബോധി 2024 ക്വിസ്

അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ മാത്യു (ജോബി) വയലിൽ അച്ചന്റെ അനുസ്മരണാർത്ഥം, എല്ലാ വർഷവും പിറവം വൈദിക ജില്ലയിലെ യുവജനങ്ങൾക്കായി നടത്തി വരുന്ന ബോധി 2024 ക്വിസ് മത്സരം 2024 ഓഗസ്റ്റ് 4 ഞായറാഴ്ച ഉച്ചക്ക് 2 മണിക്ക് പെരുവ സെന്റ്.തോമസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ വെച്ച് നടത്തപെട്ടു, വൈദിക ജില്ല വൈസ് പ്രസിഡന്റ് ശ്രീ. അബിൻ വിൽസൺ പതാക ഉയർത്തുകയും, പ്രാർത്ഥനയോടെ ആരംഭിച്ച ക്വിസ് മത്സരത്തിൽ വൈദിക ജില്ല സെക്രട്ടറി ശ്രീ. സീമോൻ ജോൺ സ്വാഗതം ആശംസിച്ചു, ക്വിസ് മാസ്റ്റേഴ്സ് ആയിരുന്ന ആലുവ മംഗലപ്പുഴ സെമിനാരി വിദ്യാർത്ഥികൾ ബ്ര. ജെറിൻ, ബ്ര. അലനെയും നന്ദിയോടെ ഓർക്കുന്നു. 10 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ വെട്ടിക്കൽ, പെരുവ, അഞ്ചൽപ്പെട്ടി യൂണിറ്റുകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്തമാക്കി, തുടർന്ന് വൈദിക ജില്ല പ്രസിഡന്റ് കുമാരി ട്രീസ മേരി കുര്യന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ വൈദിക ജില്ല ഡയറക്ടർ ഫാ. മാത്യു മുട്ടത്താൻ ആമുഖ പ്രഭാഷണവും, ഫാ. ഡോ.

വർഗീസ് പന്തിരായിതടത്തിൽ അനുസ്മരണ പ്രഭാഷണവും നടത്തി.യോഗത്തിന് വൈദിക ജില്ലാ ട്രഷറർ ശ്രീ ബ്ലെസ്സൻ ബിജു നന്ദി അർപ്പിച്ചു. ശേഷം ഫാ. അഡ്വ. എബ്രഹാം പുളിക്കന്റെ മുഖ്യ കാർമ്മികത്വത്തിൽ മാത്യു വയലിയിൽ അച്ചനുവേണ്ടി ധൂപ പ്രാർത്ഥന നടത്തി. സമാപന ആശീർവാദത്തോടുകൂടി ഈ വർഷത്തെ ബോധി 2K24 ക്വിസ് സമാപിച്ചു.

**സ്വരത്രയ 2024**

എം.സി.വൈ.എം പ്രസ്ഥാനത്തെ നെഞ്ചോട് ചേർത്തുവെച്ച ആചാര്യൻ, എം. സി. വൈ. എം പ്രസ്ഥാനത്തിന്റെ തിരുവല്ല രൂപതയുടെ പ്രഥമ ഡയറക്ടർ, പിറവം വൈദിക ജില്ലയുടെ വളർച്ചയ്ക്ക് അക്ഷീണം പ്രയത്നിച്ച വൈദികൻ, ചാക്കോ ഇലവുംപറമ്പിൽ അച്ചന്റെ 25-ാം വാർഷികത്തോടനുബന്ധിച്ചു വൈദിക ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ അച്ചന്റെ മാതൃ ഇടവകയായ കളമ്പൂർ യൂണിറ്റിന്റെ ആതിഥേയത്തിൽ സ്വരത്രയ 2024 ഫാ. ചാക്കോ ഇലവുംപറമ്പിൽ അനുസ്മരണവും ആന്തം മത്സരവും നടത്തപ്പെട്ടു.

ഓർമ്മ കുർബാനയ്ക്കും ധൂപാ പ്രാർത്ഥനയ്ക്കും ശേഷം, എം.സി.വൈ.എം പതാക ഉയർത്തിക്കൊണ്ട് ആന്തം മത്സരം ആരംഭിച്ചു, 6 യൂണിറ്റുകൾ മാറ്റുരച്ച മത്സരത്തിൽ ഒന്നാം സമ്മാനം തമ്പി ഇലവുംപറമ്പിൽ & ഫാമിലി സ്പോൺസർ ചെയ്ത എവറോളിംഗ് ട്രോഫിയും 1001 രൂപയ്ക്കും വെട്ടിക്കൽ യൂണിറ്റ് അർഹമാവുകയും, രണ്ടാം സമ്മാനം വൈദിക ജില്ല സമിതി സ്പോൺസർ ചെയ്ത എവറോളിംഗ് ട്രോഫിയും 751 രൂപയ്ക്കും കളമശ്ശേരി യൂണിറ്റ് അർഹമാവുകയും, മൂന്നാം സമ്മാനം അഞ്ചൽപ്പെട്ടി യൂണിറ്റ് അംഗം ശ്രീ അരുൺ തോമസ് കൈയ്യാനിക്കൽ & ഫാമിലി സ്പോൺസർ ചെയ്ത 501 രൂപയും ട്രോഫിയും, കാക്കനാട് യൂണിറ്റ് കരസ്ഥമാക്കുകയും ചെയ്തു . ശേഷം വൈദീക ജില്ലാ പ്രസിഡന്റ് കുമാരി ട്രീസ മേരി കുര്യന്റെ അധ്യക്ഷതയിൽ നടന്ന അനുസ്മരണ സമ്മേളനത്തിന് വൈദിക ജില്ലാ സെക്രട്ടറി ശ്രീ. സീമോൻ ജോൺ സ്വാഗതം ആശംസിച്ചു, വൈദിക ജില്ലാ ഡയറക്ടർ ഫാദർ സാജു മുട്ടത്താൻ ആമുഖ പ്രഭാഷണം നടത്തി, വൈദിക ജില്ലാ വികാരിയും, കളമ്പൂർ യൂണിറ്റ് ഡയറക്ടറും ആയിരിക്കുന്ന ഫാദർ പൗലോസ് കിഴക്കിനേടത്ത് അനുസ്മരണ പ്രഭാഷണം നടത്തുകയും, യൂണിറ്റ് പ്രസിഡന്റ് ശ്രീ. അലൻ റെജിയും, ഇടവക ട്രസ്റ്റിയും, ഇലവുംപറമ്പിൽ കുടുംബാംഗവും ആയിരിക്കുന്ന ശ്രീ. തമ്പി ഇലവുംപറമ്പിൽ ആശംസകൾ അറിയിച്ച് സംസാരിച്ചു, വൈദിക ജില്ലാ എക്സ്

ഒഫിഷ്യോ ശ്രീ. അജയ് രാജു അനുസ്മരണ സമ്മേളനത്തിന് നന്ദി അറിയിച്ചു. 10 യൂണിറ്റുകളിൽ നിന്നായി 65 യുവജനങ്ങൾ പങ്കെടുത്തു.

## PREMIO DE MERITO 2K24

എം സി വൈ എം കുന്നംകുളം മേഖലയുടെ ആഭിമുഖ്യത്തിൽ 10,+2 ക്ലാസ്സുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ യുവജനങ്ങളെ ആദരിക്കുന്നതിനായി Premio De Merito 2K24 ജൂലൈ 14 ഉച്ചതിരിഞ്ഞ് 2:30–ന് കരുവാംകാട് വിമലഗിരി പബ്ലിക് സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. മേഖല വൈസ് പ്രസിഡന്റ് ആഷ്‌ലിയ ടി. എസ്. പതാക ഉയർത്തി പരിപാടികൾക്ക് തുടക്കം കുറച്ചു

## ധന്യൻ മാർ ഈവാനിയോസ് അനുസ്മരണം

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 71–ാം ഓർമ്മ പെരുന്നാൾ എം. സി. വൈ. എം. കുന്നംകുളം മേഖല ആഘോഷിച്ചു. പ്രത്യേകമായി ഒരുക്കിയ പിതാവിന്റെ ഫോട്ടോക്ക് മുന്നിൽ യുവജനങ്ങൾ പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് പ്രാർത്ഥന നടത്തി.

## റവ. ഫാ. ഫ്രാൻസിസ് മെമ്മോറിയൽ ക്വിസ് മത്സരം (കുന്നംകുളം മേഖല)

റവ. ഫാ. ഫ്രാൻസിസ് മെമ്മോറിയൽ ക്വിസ് മത്സരം ഈ വർഷം 18/08/2024 ഞായറാഴ്ച 2.30–ന് കരുവാൻകാട് സ്കൂളിൽവെച്ച് നടത്തപ്പെട്ടു. ക്വിസിന് മേഖലയിൽ നിന്നും 3 യൂണിറ്റുകൾ പങ്കെടുത്തു. ഒന്നാം സ്ഥാനം വാഴാനി യൂണിറ്റും രണ്ടാം സ്ഥാനം കട്ടിലപൂവം യൂണിറ്റും മൂന്നാം സ്ഥാനം വട്ടായി യൂണിറ്റും കരസ്ഥമാക്കി. പങ്കെടുത്ത എല്ലാ യൂണിറ്റുകൾക്കും മേഖലയുടെ പേരിൽ ഉള്ള നന്ദി അറിയിക്കുന്നു.

## പീച്ചി മേഖല

ഫാ. ഫ്രാൻസിസ് പുതുപ്പറമ്പിലച്ചന്റെ അനുസ്മരണാർത്ഥം എല്ലാ വർഷവും നടത്തപെടാറുള്ള ഫാ. ഫ്രാൻസിസ് മെമ്മോറിയൽ ക്വിസ് മത്സരം 2024 ഓഗസ്റ്റ് മാസം 18–ാം തീയതി പീച്ചി ദർശനയിൽ വച്ചു നടത്തപെട്ടു. പീച്ചി മേഖല ഡയറക്ടർ ഫാ. വർഗീസ് കിഴക്കൂടൻ മത്സരത്തിൽ സന്നിഹിതരായിരുന്നവർക്ക് സ്വാഗതം ആശംസിക്കുകയും ക്വിസ് മാസ്റ്ററായ രൂപത ജനറൽ സെക്രട്ടറി ബെൻസൺ ബാബുവിനെ ക്വിസ് നടത്തിപ്പിനായി ക്ഷണിക്കുകയും ചെയ്തു. 3 യൂണിറ്റുകൾ പങ്കെടുത്ത മത്സരത്തിൽ പീച്ചി, ചുവന്നമണ്ണ്,

മാന്നാമംഗലം എന്നീ യൂണിറ്റുകൾ യഥാക്രമം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. തുടർന്ന് മേഖല Treasurer പ്രിൻസി ജിലീഷ് നന്ദി പറഞ്ഞു കൊണ്ട് യോഗം അവസാനിക്കുകയും ചെയ്തു.

## ഭദ്രാസനതല ക്വിസ്സ് മത്സരം

ഫ്രാൻസിസ് പുതുപ്പറമ്പിൽ അച്ചന്റെ അനുസ്മരണാർത്ഥം MCYM മൂവാറ്റുപുഴ ഭദ്രാസനസമിതി നടത്തിവരാറുള്ള ഫാ. ഫ്രാൻസിസ് മെമ്മോറിയൽ ക്വിസ്സ് മത്സരം 2024, ഓഗസ്റ്റ്മാസം 25–ാം തിയ്യതി ഞായറാഴ്ച MCYM മൂവാറ്റുപുഴ മേഖലയുടെ ആതിഥേയത്വത്തിൽ വിമലഗിരി ഇന്റർനാഷണൽ പബ്ലിക് സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. മത്സരം യോഗത്തോട് കൂടി ആരംഭിച്ചു. രൂപത സെക്രട്ടറി മെറിൻ പ്രാർത്ഥന ചൊല്ലി യോഗം ആരംഭിക്കുകയും, രൂപത ട്രഷറർ പ്രിൻസി ജിലീഷ് ബൈബിൾ വായിക്കുകയും ചെയ്തു. രൂപത വൈസ് പ്രസിഡന്റ് സനൽ സന്തോഷ് അധ്യക്ഷപദം അലങ്കരിച്ച യോഗത്തിന് രൂപത ജനറൽ സെക്രട്ടറി ബെൻസൻ സ്വാഗതം പറഞ്ഞു. തുടർന്ന് മൂവാറ്റുപുഴ മേഖലാ ഡയറക്ടർ ഫാ.ജോസഫ് പന്നിവിഴ യോഗത്തിന് ആമുഖമായി സംസാരിക്കുകയും, മൂവാറ്റുപുഴ രൂപത ചാൻസിലർ വർഗീസ് പന്തിരായിതടത്തിൽ അച്ചൻ ഫ്രാൻസിസ് അച്ചനെ അനുസ്മരിക്കുകയും പങ്കെടുക്കുന്ന ടീമുകൾക്ക് ആശംസകൾ അർപ്പിച്ചു സംസാരിക്കുകയും ചെയ്തു. ശേഷം ക്വിസ് മാസ്റ്ററായി കടന്നുവന്ന ബത്തേരി ഭദ്രാസനത്തിലെ നിലമ്പൂർ മേഖലയിലെ ലിബിൻ സാറിനെ പരിചയപ്പെടുത്തുകയും മത്സരം ആരംഭിക്കുകയും ചെയ്തു. വാശിയേറിയ പോരാട്ടത്തിൽ, കുന്നംകുളം മേഖല ഒന്നാം സ്ഥാനം കരസ്ഥമാക്കി പഞ്ഞിക്കാട്ടിൽ പിടി ജോർജ് ആൻഡ് പിജെ അമ്മിണി മെമ്മോറിയൽ എവറോളിംഗ് ക്യാഷ് പ്രൈസ് 2001 രൂപയ്ക്ക് അർഹമാവുകയും, പീച്ചി മേഖല രണ്ടാം സ്ഥാനം കരസ്ഥമാക്കി മുൻ രൂപത പ്രസിഡന്റ് സിബി തോമസ് സ്പോൺസർ ചെയ്ത 1501 രൂപക്ക് അർഹമാവുകയും, മൂന്നാം സ്ഥാനം കരസ്ഥമാക്കി പിറവം മേഖല മണ്ടുംമ്പാൽ പാപ്പച്ചൻ മെമ്മോറിയൽ എവറോളിംഗ് ക്യാഷ് പ്രൈസ് 1001 രൂപയ്ക്ക് അർഹമാവുകയും ചെയ്തു. തുടർന്ന് രൂപത അസിസ്റ്റന്റ് ഡയറക്ടർ ആൻണി വേങ്ങനിൽക്കുന്നതിൽ അച്ചൻ വിജയികളായവർക്ക് അഭിനന്ദനങ്ങൾ നേരുകയും, ശേഷം മൂവാറ്റുപുഴ മേഖല പ്രസിഡന്റ് കെവിൻ നന്ദി പറഞ്ഞുകൊണ്ട് യോഗം അവസാനിപ്പിക്കുകയും ചെയ്തു.

# വിൻസെന്റ് ഡി പോൾ

## പുതിയ കോൺഫറൻസ് രൂപീകരണം

പീച്ചി എ.സി. പീച്ചി സെന്റ് ജോർജ് കോൺഫറൻസിൽ നിലവിലുള്ള കോൺഫറൻസിനു പുറമേ സ്ത്രീകൾക്കായി ഒരു പുതിയ കോൺഫറൻസ് 11-08-2024-ന് രൂപീകരിച്ചു. ഉപവി പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തം ഉണ്ടാക്കുവാനും ഇടവകയിലെ സ്ത്രീ സമൂഹത്തിന്റെ ഉന്നതിയ്ക്കും പുതുതായി രൂപീകരിച്ച കോൺഫറൻസിനു കഴിയണം എന്ന് കോൺഫറൻസ് ആത്മീയ ഉപദേഷ്ടാവ് ബഹു. ആൽബിൻ അച്ചൻ അഭിപ്രായപ്പെട്ടു. ചടങ്ങിൽ എ.സി. പ്രസിഡന്റ് ബ്രദർ ബെന്നി അദ്ധ്യക്ഷൻ ആയിരുന്നു. എ.സി. യുടെ മുൻ പ്രസിഡന്റ് ബ്രദർ ജോസ് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതമരുളി. പുതുതായി രൂപീകരിച്ച കോൺഫറൻസിന്റെ ആദ്യ പ്രസിഡന്റ് സി. ബിനി ഷാജി, വൈസ് പ്രസിഡന്റ് സി. മേഴ്സി റോയ്, സെക്രട്ടറി സി. സന്ധ്യ ഷാജി, ജോയിന്റ് സെക്രട്ടറി സി. സീന ചെറിയാൻ, ട്രഷറർ സി. അനു റ്റോം എന്നിവർക്ക് എ.സി. പ്രസിഡന്റ് സത്യപ്രതിജ്ഞ ചൊല്ലികൊടുത്തു. സി.സി. പ്രസിഡന്റ് ബ്രദർ വർഗ്ഗീസ് കുരുവിള പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ആശംസകൾ അർപ്പിച്ചു.

## സി.സി. പ്രസിഡന്റിന്റെ കോൺഫറൻസ് സന്ദർശനം

28-07-2024 രാവിലെ പീച്ചി എ.സി. യിലെ ചക്കുങ്ങ സെന്റ് ജോർജ് കോൺഫറൻസിൽ സാധാരണ സന്ദർശനം നടത്തി. വി. കുർബാനയ്ക്കു ശേഷം യൂണിറ്റ് അംഗങ്ങളുമായി ആശയ വിനിമയം നടത്തി. യോഗത്തിൽ കോൺഫറൻസ് ആത്മീയ ഉപദേഷ്ടാവ് ബഹു. വിൽസൻ വേലിക്കകത്ത് അച്ചൻ ആവശ്യമായ പ്രോത്സാഹനം നൽകി കൊണ്ട് സന്ദേശം നൽകി. യോഗാനന്തരം സി.സി. പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ കിടപ്പു രോഗികളെ സന്ദർശിച്ച് അവർക്ക് സാന്ത്വനം നൽകി പ്രാത്ഥനയും നടത്തി. സൗഹൃദ സന്ദർശനം അംഗങ്ങളിൽ ഉണർവ് നൽകി എന്ന് കോൺഫറൻസ് പ്രസിഡന്റ് ബ്രദർ സുനിൽ അഭിപ്രായപ്പെട്ടു.

04-08-2024 രാവിലെ 10 മണിക്ക് പീച്ചി എ.സി. യിലെ ചേറൂർ സെന്റ് ജൂഡ് കോൺഫറൻസിൽ വി. കുർബാനയെ തുടർന്ന് യോഗം നടത്തി. ബഹു. ഗീവർഗ്ഗീസ് മേലേപീടികയിൽ അച്ചൻ വിൻസെൻഷ്യൻ സന്ദേശം നൽകി. യോഗത്തിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങൾക്കും

കോൺഫറൻസ് പ്രസിഡന്റ് ബ്രദർ സജിത്ത് സ്വാഗതം അരുളി. വിൻസെൻഷ്യൻ കർത്തവ്യങ്ങൾ ചടങ്ങിൽ സി.സി. പ്രസിഡന്റ് ഓർമ്മപ്പെടുത്തി. നന്ദി പറഞ്ഞ സീനിയർ അംഗം ബ്രദർ ബാബു സെൻട്രൽ കൗൺസിൽ കൊടുക്കുന്ന എല്ലാ പിൻതുണയ്ക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുകയും ചെയ്തു.

18-08-2024 രാവിലെ 7 മണിക്ക് മൂവാറ്റുപുഴ എ.സി. യിലെ കുന്നക്കുരുടി സെന്റ് ജോർജ് കോൺഫറൻസിൽ സന്ദർശനം നടത്തി. പ്രവർത്തന രഹിതമായി കിടക്കുന്ന യൂത്ത് കോൺഫറൻസ് അംഗങ്ങളുമായി ആശയ വിനിമയം നടത്തി. സംഘടന പ്രവർത്തിപ്പിക്കാൻ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് ചോദിച്ചറിഞ്ഞ് ആവശ്യമായ പരിഹാര നടപടികൾ നിർദേശിച്ചു. നിലവിലുള്ള പ്രസിഡന്റിന് വ്യക്തിപരമായ കാരണങ്ങളാൽ തുടരാൻ കഴിയില്ലാ എന്നറിയിച്ചതിനാൽ ബ്രദർ' ബേസിൽ നാഗഞ്ചേരിയെ പുതിയ പ്രസിഡന്റ് ആയി തിരഞ്ഞെടുത്തു സത്യപ്രതിജ്ഞ ചെയ്തു. ബഹു. വികാരി അച്ചൻ വിദേശത്തായതിനാൽ പകരം വന്ന ബഹു. ജേക്കബ് ഒ. ഐ.സി. അച്ചൻ കുർബാന മധ്യേ വിൻസെൻഷ്യൻ സന്ദേശം നൽകിക്കൊണ്ട് ഉത്തരവാദിത്വങ്ങൾ ഓർമ്മപ്പെടുത്തി.

25-08-2024 പീച്ചി എ.സി. ചുവന്ന മണ്ണ് സെന്റ് തോമസ് കോൺഫറൻസ് സന്ദർശനം നടത്തി. വി. കുർബാനയ്ക്ക് ശേഷം കോൺഫറൻസ് പ്രസിഡന്റ് ബ്രദർ ബെന്നിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു. ഗീവർഗ്ഗീസ് മേലേപീടികയിൽ അച്ചൻ അത്മീയ സന്ദേശം നൽകി. തുടർന്നു സംഘടനയുടെ വളർച്ചയ്ക്ക് ഉപകരിക്കുന്ന വിവിധ വിഷയങ്ങളും സി.സി. വാർഷികവും ചർച്ച ചെയ്യപ്പെട്ടു. ഒഴിവുണ്ടായിരുന്ന ഏതാനും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും അവർക്ക് സി.സി. പ്രസിഡന്റ് ബ്രദർ വർഗ്ഗീസ് കുരുവിള ആശംസകൾ നേരുകയും ചെയ്തു. സമാപന പ്രാർത്ഥനയോടെ യോഗം 11.30-ന് അവസാനിച്ചു.

## എ.സി. (Area Council) മീറ്റിങ്ങുകൾ

04-08-2024 അഞ്ചൽപ്പെട്ടി എ.സി. വാർഷികം പാമ്പാക്കുട സെന്റ് പീറ്റർ കോൺഫറൻസിൽ വച്ച് നടത്തി. യോഗത്തിൽ എ.സി. പ്രസിഡന്റ് ബ്രദർ ഷിബു അദ്ധ്യക്ഷൻ ആയിരുന്നു. ബഹു. കുര്യാക്കോസ് മുളകുടിയിൽ അച്ചൻ വിൻസെൻഷ്യൻ സന്ദേശം നൽകി. പാമ്പാക്കുട, പെരുവ, അഞ്ചൽപ്പെട്ടി, കോട്ടപ്പുറം എന്നീ കോൺഫറൻസുകളിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു. സി.സി. സെക്രട്ടറി ബ്രദർ ജെയ്മോൻ

യോഹന്നാൻ, സി.സി. ട്രഷറർ ബ്രദർ സണ്ണി എന്നിവർ ആശംസകൾ അർപ്പിച്ചു. വിവിധ കോൺഫറൻസ് പ്രസിഡന്റുമാർ റിപ്പോർട്ട് അവതരണം നടത്തി.

11-08-2024 ഉച്ചയ്ക്ക് 2 മണിക്ക് കുന്നംകുളം എ.സി.യുടെ വാർഷികം ചേലക്കര സെന്റ് മേരീസ് കോൺഫറൻസിൽ വച്ച് നടത്തി. എ.സി. പ്രസിഡന്റ് ബ്രദർ സെബാസ്റ്റ്യൻ കോച്ചേരി ചടങ്ങിൽ അദ്ധ്യക്ഷൻ ആയിരുന്നു. പുതുതായി രൂപീകരിച്ച വനിതാ കോൺഫറൻസ് പ്രസിഡന്റ് സി. ലിസി ചടങ്ങിന് സ്വാഗതം ആശംസിച്ചു. എ.സി. ആത്മീയ ഉപദേഷ്ടാവ് ബഹു. മാത്യു മണ്ടുമ്പാൽ അച്ചൻ ആത്മീയ സന്ദേശം നൽകി, മേഖല വികാരിയും, കോൺഫറൻസ് ആത്മീയ ഉപദേഷ്ടാവും ആയ ബഹു. തോമസ് വെട്ടിക്കാട്ടിൽ അച്ചൻ വിൻസെൻഷ്യൻ ഉത്തരവാദിത്വങ്ങൾ ഓർമ്മിപ്പിച്ച് എല്ലാ പിൻതുണയും, പ്രോത്സാഹനവും നൽകി സന്ദേശം നൽകി. സി.സി. വൈസ് പ്രസിഡന്റ് ബ്രദർ സുഭാഷ് മാത്യു ആശംസകൾ നേർന്നു കൊണ്ട് സംസാരിച്ചു. വിവിധ കോൺഫറൻസുകളുടെ റിപ്പോർട്ട് അവതരണം നടത്തി.

18-08-2024 മൂവാറ്റുപുഴ എ.സി. യുടെ വാർഷികം മൂവാറ്റുപുഴ സെന്റ് ജോസഫ് കോൺഫറൻസിൽ വച്ച് ഉച്ചകഴിഞ്ഞ് 3 മണിക്ക് കൂടി. ചടങ്ങിൽ എ.സി. പ്രസിഡന്റ് സി. അൽഫോൺസാ അദ്ധ്യക്ഷ ആയിരുന്നു. ചടങ്ങിൽ സി.ശോഭി സ്വാഗതം ആശംസിച്ചു. എ.സി. സെക്രട്ടറി എ.സി. യുടെ റിപ്പോർട്ട് അവതരണം നടത്തി. സി.സി. പ്രസിഡന്റ്, സി.സി. സെക്രട്ടറി, സി.സി. ട്രഷറർ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. വിവിധ കോൺഫറൻസുകളുടെ റിപ്പോർട്ട് അവതരണം നടത്തി.

25-08-2024 പീച്ചി എ.സി. വാർഷികം ചുമന്നമണ്ണ് സെന്റ് തോമസ് കോൺഫറൻസിൽ ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിച്ച ചടങ്ങിൽ എ.സി. പ്രസിഡന്റ് ബ്രദർ ബെന്നി അദ്ധ്യക്ഷൻ ആയിരുന്നു. മുൻ എ.സി. പ്രസിഡന്റ് ബ്രദർ ജോസ് ചടങ്ങിന് സ്വാഗതം ആശംസിച്ചു. എ.സി. സെക്രട്ടറി ബ്രദർ പ്രകാശ് എ.സി. റിപ്പോർട്ട് അവതരണം നടത്തി. എ.സി. ആത്മീയ ഉപദേഷ്ടാവ് ബഹു. ജോണി ചെരിക്കായത്ത് അച്ചൻ വിൻസെൻഷ്യൻ സന്ദേശം നൽകി അംഗങ്ങളെ ഉത്തേജിപ്പിച്ചു. ഒരു നല്ല വിൻസെൻഷ്യൻ ആകാൻ എന്തെല്ലാം ചെയ്യണം എന്ന് ഓർമ്മപ്പെടുത്തി. രഹസ്യ പിരിവ്, വിവിധകോൺഫറൻസുകളുടെ റിപ്പോർട്ട് അവതരണം എന്നിവ ഉണ്ടായിരുന്നു. സി.സി. പ്രസിഡന്റ് ബ്രദർ വർഗ്ഗീസ് കുരുവിള, സി.സി ട്രഷറർ ബ്രദർ സണ്ണി എന്നിവർ

ആശംസകൾ നേർന്നു സംസാരിച്ചു. എ.സി. ട്രഷറർ ബ്രദർ ഏലിയാസ് ചടങ്ങിന് നന്ദി പറഞ്ഞു. സമാപന പ്രാർത്ഥന ബ്രദർ സുനിൽ നിർവഹിച്ചു.

# എം.സി.എം.എഫ്. വാർത്തകൾ

## ഭദ്രാസന ദിനാഘോഷം 'സുകൃതം 2024'

മുവാറ്റുപുഴ ഭദ്രാസന MCMF ദിനാഘോഷം ഓഗസ്റ്റ് മാസം ഇരുപത്തിനാലാം തീയതി പീച്ചി ദർശനയിൽ വച്ച് 'സുകൃതം 2024' എന്ന പേരിൽ നടത്തപ്പെട്ടു. മേഖല MCMF ഡയറക്ടർ ബഹുമാനപ്പെട്ട ഗീവർഗീസ് മേലേപീടികയിൽ അച്ചൻ പതാക ഉയർത്തി. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ഭദ്രാസന MCMF ഡയറക്ടർ റവ. ഫാ. മാത്യു അറയ്ക്കൽ ആമുഖപ്രഭാഷണം നടത്തി. തുടർന്ന് ശ്രീമതി അന്നമ്മ വർഗീസ് യോഗത്തിൽ അധ്യക്ഷപ്രസംഗം നടത്തി MCMF ന്റെ പ്രാധാന്യത്തെ കുറിച്ച് വിവരിച്ചു. MCMF റിപ്പോർട്ട് സെക്രട്ടറി ശ്രീമതി മേരി ടവേഴ്സ് അവതരിപ്പിച്ചു. മൂവാറ്റുപുഴ ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു. പരിശുദ്ധ അമ്മയുടെ സഹനത്തെക്കുറിച്ചും പുതിയ തലമുറയെ MCMFലേക്ക് ആകർഷിക്കണമെന്നും വന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. ആനിമേറ്റർ സിസ്റ്റർ ലിറ്റിൽ ഫ്ളവർ SIC ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അസിസ്റ്റൻറ് ഡയറക്ടർ ഫാ. കുര്യാക്കോസ് കുടിലിൽ സമ്മേളനത്തിന് പങ്കെടുത്ത ഏവർക്കും നന്ദി പറഞ്ഞു. തുടർന്ന് തൃശ്ശൂർ അതിരൂപതയിലെ. കുടുംബ പ്രേഷിത മേഖലയിൽ ശുശ്രൂഷ ചെയ്യുന്ന റവ. ഫാ. രാജു അക്കര ക്ലാസ്സ് നയിച്ചു. മേഖല ഭാരവാഹികൾക്കായി നടത്തപ്പെട്ട മാർ ഈവാനിയൻ ക്വിസ് മത്സരത്തിന് ശേഷം ഉച്ച ഭക്ഷണത്തോടു കൂടി കാര്യപരിപാടികൾ അവസാനിച്ചു.

## മാർ ഈവാനിയൻ ക്വിസ്

ഓഗസ്റ്റ് മാസം ഇരുപതാം തീയതി പീച്ചി ദർശനയിൽ കൂടിയ MCMF ഭദ്രാസന ദിനത്തിൽ ഭദ്രാസനത്തിലെ അഞ്ച് മേഖലകളിൽ നിന്നുള്ള ഭാരവാഹികൾക്ക് വേണ്ടി മാർ ഈവാനിയൻ ക്വിസ് മത്സരം നടത്തപ്പെട്ടു. മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം, MCMF ഭരണഘടന, സഭാചരിതം ഇവയായിരുന്നു പഠനവിഷയങ്ങൾ. വാശിയേറിയ മത്സരത്തിൽ കുന്നംകുളം മേഖല ഒന്നാം സ്ഥാനം നേടി. മൂവാറ്റുപുഴ, കരിമ്പ എന്നീ മേഖലകൾ രണ്ടും മൂന്നും സ്ഥാനങ്ങൾ

കരസ്ഥമാക്കി. ഒന്നാം സ്ഥാനം ലഭിച്ച കുന്നംകുളം മേഖലയ്ക്ക് റോസമ്മ പന്തീരായിത്തടത്തിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി സമ്മാനിച്ചു. മറ്റു നാല് ടീമുകൾക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകപ്പെട്ടു. വിജയികൾക്കും പങ്കെടുത്തവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

## 'കാരുണ്യസ്പർശം' കൂപ്പൺ വിതരണം 2024

MCMF മുവാറ്റുപുഴ ഭദ്രാസന സമിതിയുടെ കാരുണ്യ കർമ്മപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും നടത്തിപ്പിനായുള്ള കൂപ്പണുകളുടെ വിതരണോൽഘാടനം മുവാറ്റുപുഴ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയൊഡോഷ്യസ് പിതാവ്, ആഗസ്റ്റ് മാസം 20 ന് പീച്ചി ദർശനയിൽ നടന്ന MCMF ഭദ്രാസന ദിനാഘോഷം 'സുകൃതം '24' നോട് ചേർന്ന് നിർവഹിച്ചു. മൂവാറ്റുപുഴ ഭദ്രാസനത്തിലെ എം.സി.എം.എഫ്.ന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി സംഭാവന കൂപ്പണകൾ 5 മേഖലകളിലെയും യൂണിറ്റുകളിലേക്ക് വിതരണം ചെയ്തു. ചടങ്ങിൽ മുവാറ്റുപുഴ മേഖല MCMF ഡയറക്ടർ ഫാ. കുര്യാക്കോസ് നെല്ലാട്ട്, പിറവം മേഖല ഡയറക്ട്ടർ ഫാ. കുര്യാക്കോസ് കുടിലിൽ, കുന്നംകുളം മേഖല ഡയറക്ടർ ഫാ. ജോസഫ് താഴത്തേൽ പീച്ചി മേഖല ഡയറക്ടർ ഫാ. ഗീവർഗീസ് മേലെപ്പീടികയിൽ എന്നിവരും സന്നിഹിതരായിരുന്നു.

### പീച്ചി മേഖല സന്ദർശനം 2024

2024 ഓഗസ്റ്റ് ഇരുപതാം തീയതി ഭദ്രാസന MCMF ഭാരവാഹികൾ, പീച്ചി മേഖല MCMF സന്ദർശനം നടത്തുകയും മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. പീച്ചി മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ വന്നു പങ്കെടുക്കുകയും വിവരശേഖരണത്തിന് ഭദ്രാസന പ്രസിഡന്റ് ശ്രീമതി അന്നമ്മ വർഗീസ് ആഹ്വാനം ചെയ്യുകയും ചെയ്തു.

## സഭാതല MCMF ലേഖന മത്സരത്തിൽ മൂന്നാം സ്ഥാനം മുവാറ്റുപുഴക്ക്

MCMF സഭാതലത്തിൽ സംഘടിപ്പിച്ച ഭദ്രാസന ഭാരവാഹികൾക്കുള്ള ലേഖന മത്സരത്തിൽ മുവാറ്റുപുഴക്ക് മൂന്നാം സ്ഥാനം. മുവാറ്റുപുഴ ഭദ്രാസന പ്രതിനിധി ആയിരിക്കുന്ന കുന്നക്കുരുടി ഇടവകാംഗം ശ്രീമതി ജിജി ജോയ് പുളിനാട്ട് സഭാതലത്തിൽ മൂന്നാം സമ്മാനത്തിന് അർഹയായത്. 'സുവിശേഷാത്മകമായ മലങ്കര കാത്തോലിക്കാ സഭയുടെ വളർച്ചയിൽ അമ്മമാരുടെ പങ്കും

കാലികമായ നിയോഗങ്ങളും' എന്ന വിഷയത്തിൽ ഭദ്രാസനതലത്തിൽ നടത്തപ്പെട്ട ഭദ്രാസന സമിതി അംഗങ്ങൾക്കായുള്ള ലേഖനമത്സരത്തിൽ വിജയി ആയിട്ടാണ് സഭാതല മത്സരത്തിൽ ശ്രീമതി ജിജി യോഗ്യത നേടിയത്. ആഗസ്റ്റ് മാസം 28-ന് തിരുവല്ലയിൽ വെച്ച് നടന്ന സഭാതല MCMF ദിനാഘോഷത്തിൽ മൂന്നാം സ്ഥാനത്തിനുള്ള 1000 രൂപയും മെമെന്റോയും ശ്രീമതി ജിജി സ്വീകരിക്കുകയും ചെയ്തു.

## MCMF ലോഗോയും ആന്തവും

സഭാതല MCMF ഔദ്യോഗിക ലോഗോയും ആന്തവും തിരുവല്ലയിൽ വെച്ച് പ്രകാശനം ചെയ്തു സമർപ്പിച്ചു. ലോഗോ അഭി. കൂറിലോസ് പിതാവും ആന്തം അഭി. തെയൊഡോഷ്യസ്സ് പിതാവും പുറത്തിറക്കി. ആന്തം രചിച്ചിരിക്കുന്നത് മുവാറ്റുപുഴ ഭദ്രാസനാംഗം എറണാകുളം ഇടവകയിലെ അംഗമായിരിക്കുന്ന ശ്രീമതി സോഫി ബെനഡിക്റ്റും ആലപിച്ചിരിക്കുന്നത് ശ്രേയ അന്ന ജോസഫും ആണ്. ഗാനം നിർമ്മിച്ചിരിക്കുന്നത് കുടുംബത്തിന് വേണ്ടിയുള്ള സിനഡൽ കമ്മീഷൻ ആണ്. ആന്തത്തിന് ഈണം നൽകിയത് ബഹു. മാത്യു അറയ്ക്കൽ അച്ചനാണ്. ഏവർക്കും അഭിനന്ദങ്ങൾ.

# ദിവ്യകാരുണ്യ വർഷ ലേഖനം

**മദർ ജോസ്ന എസ്.ഐ.സി.**

### ദിവ്യകാരുണ്യം: ദൈവസ്നേഹത്തിന്റെ പാരമ്യം...

'യേശുക്രിസ്തുവിന്റെയും അവിടുത്തേക്ക് സ്വർഗത്തിൽ വാഴുന്ന പിതാവായ ദൈവത്തോടും എല്ലാ മനുഷ്യരോടും മരണത്തോളമുള്ള സ്നേഹത്തിന്റെയും ദിവ്യാനുസ്മരണമാണ് ദിവ്യകാരുണ്യം'. (പോൾ ആറാമൻ മാർപാപ്പ)

പിതാവായ ദൈവം മാനവകുലത്തോടുള്ള അപരിമേയമായ സ്നേഹംമൂലം തന്റെ ഏകജാതനെത്തന്നെ മനുഷ്യ രക്ഷയ്ക്കായി സമർപ്പിച്ചുകൊണ്ട് സ്വയം വെളിപ്പെടുത്തി. പുത്രൻ പിതാവിന്റെ ഇഷ്ടത്തിന് പൂർണ്ണമായും വിട്ടുകൊടുത്ത് തന്നെത്തന്നെ നമുക്ക് വേണ്ടി മുറിക്കപ്പെട്ട അപ്പമാക്കിക്കൊണ്ട്, കുരിശിലെന്നപോലെ തന്റെ സ്നേഹവും കാരുണ്യവും പരിശുദ്ധ കുർബാനയിലൂടെ നമ്മുടെ മേൽ ഒഴുക്കുന്നു. സ്വർഗ്ഗ പിതാവിന്റെ ഹിതപ്രകാരം സ്വജീവൻ പോലും വെടിഞ്ഞ് മനുഷ്യമക്കളെ സ്വർഗ്ഗീയരാക്കുവാൻ അവിടുന്ന് കാൽവരിയിൽ അർപ്പിച്ച യാഗാർപ്പണം മനുഷ്യരോടുള്ള സ്നേഹത്തിന്റെ പാരമ്യമായിരുന്നു.

'സ്വർഗ്ഗത്തിലെ വലിയവൻ ഭൂമിയിലെ മനുഷ്യരോടു

കൂടെയായിരിക്കുവാൻ സ്വയം ശൂന്യനായി തീർന്നു... അതാണ് ദിവ്യകാരുണ്യം'. മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാൻ കഴിയുന്നതിലും വലിയ രഹസ്യമാണ് ദിവ്യകാരുണ്യം. നമ്മോടുകൂടെയായിരിക്കുവാൻ ഹൃദയം നിറയെ സ്നേഹവുമായി ഈശോ വന്നു. തിരുവത്താഴവേളയിൽ തന്റെ ശിഷ്യർക്ക് സ്വയം മുറിച്ചു നൽകിയ ഈശോ അവരോട് അരുളിച്ചെയ്തു... 'നിങ്ങൾ ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്ന്. സ്നേഹിക്കാൻ ഓർമ്മയും ഓർമ്മിക്കാൻ സ്നേഹവും അത്യന്താപേക്ഷിതമാണ്. ഇവ രണ്ടും ദിവ്യകാരുണ്യത്തിൽ നമുക്ക് ദർശിക്കാൻ സാധിക്കും. കർത്താവിന് നമ്മെക്കുറിച്ച് ഓർമ്മയുണ്ട്. അതുകൊണ്ടാണ് വലുതാകാൻ വേണ്ടി സ്വയം ചെറുതാകാൻ അവൻ തിരുമനസ്സായത്. സ്നേഹം എന്താണെന്നും എങ്ങനെ സ്നേഹിക്കണമെന്നും കുരിശിലെ ബലിയിലൂടെ  അവിടുന്ന് നമ്മെ പഠിപ്പിച്ചു. വിശുദ്ധ തോമസ് അക്വിനാസ് പറയുന്നതുപോലെ 'വിശുദ്ധ കുർബാനയുടെ യഥാർത്ഥ പ്രതിഫലനം മനുഷ്യനെ ദൈവമാക്കി മാറ്റുക' എന്നതാണ്. വിശുദ്ധ തെരേസ വെർസരി ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ് 'നിങ്ങൾക്ക് വേണ്ടി മരിക്കാനും വിശുദ്ധ കുർബാന സ്ഥാപിക്കാനും ഇടയാക്കിയ അവിടുത്തെ വലിയ സ്നേഹത്തോട് എന്നും നന്ദി പ്രകാശിപ്പിക്കുക. ദിവ്യകാരുണ്യം സ്നേഹത്തിന്റെ മഹോന്നതമായ തെളിവാണ്'. ലോകത്തോടുള്ള ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെ ആവിഷ്കാരമാണ് വിശുദ്ധ കുർബാന. 'വിശുദ്ധ കുർബാനയിൽ ഈശോ തന്നെത്തന്നെ നമുക്കായി നൽകുന്നു'. അവിടുന്ന് തന്റെ ജീവന്റെ സമഗ്രതയാണ് നമുക്ക് നൽകുന്നത്' എന്ന് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പ 'സ്നേഹത്തിന്റെ കൂദാശ'(Sacramentum Caritatis par:7) എന്ന പ്രബോധനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു.

ഈശോ വ്യത്യസ്ത സ്വഭാവ വിശേഷതകളും ജീവിതശൈലിയും ഉണ്ടായിരുന്ന ശിഷ്യ സമൂഹത്തെ ചേർത്തുനിർത്തി സ്വന്തമാക്കി. തന്നെ 'ഒറ്റിക്കൊടുത്തപ്പോഴും' 'തള്ളി പറഞ്ഞപ്പോഴും' 'ഉപേക്ഷിച്ചു പോയപ്പോഴും' വല എടുത്ത് പഴയ ജോലിക്കിറങ്ങിയപ്പോഴും ഈശോ തന്റെ സാന്നിധ്യം അവർക്ക് നൽകി. തന്നോട് കൂടെ ആയിരുന്നവരുടെ ആവശ്യം മനസ്സിലാക്കി അപ്പം മുറിച്ചു നൽകി, അവിടെ കൂടിയിരുന്ന ജനക്കൂട്ടത്തിന്റെ വിശപ്പ് ശമിപ്പിച്ച്, വലിയ കരുതലിന്റെ അനുഭവം നൽകുന്നു. പ്രാതൽ ഒരുക്കി തന്റെ മക്കളെ കാത്തിരിക്കുന്ന കരുണയുള്ള സ്നേഹനിധിയായ ഈശോ നമ്മെയും ക്ഷണിക്കുന്നത് ഈ കരുതലിന്റെ, സ്നേഹത്തിന്റെ, കരുണയുടെ വക്താക്കളാകുവാനാണ്.

ആരാധനക്രമത്തിൽ നാം ആഘോഷിക്കുന്ന വിശ്വാസത്തെ നമ്മുടെ ജീവിത സാഹചര്യങ്ങളിൽ അനുകരിക്കുവാൻ യേശു നമ്മെ പ്രചോദിപ്പിക്കുന്നു. വേദനിക്കുന്നവരിൽ, ദരിദ്രരിൽ ഒരു നേരത്തെ

ആഹാരത്തിനായി നമ്മുടെ മുന്നിൽ കൈ നീട്ടുന്നവരിൽ, പരിത്യക്തരിൽ, വിശ്വാസമില്ലാത്തവരിൽ ഈശോയുടെ മുഖം ദർശിക്കാനും സാന്നിദ്ധ്യം തിരിച്ചറിയാനും നമുക്ക് കഴിയണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു.

'ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്ത് വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല' (യോഹന്നാൻ 6:35). ദിവ്യകാരുണ്യം ആത്മാവിനും ശരീരത്തിനും തൃപ്തി പകരുന്ന ഏറ്റവും മഹത്തായ ദാനമാണ്. സുവിശേഷം പ്രഘോഷിച്ചുകൊണ്ട് മനുഷ്യരാശിയുടെ ആത്മീയവും ഭൗതികവുമായ വിശപ്പ് ശമിപ്പിക്കാനുള്ള ദൗത്യത്തിൽ നാം പങ്കുചേരുന്നു. ജീവനുള്ള അപ്പത്തിൽ നിന്ന് കരുത്ത് നേടി, അന്ധകാരത്തിലും നിരാശയിലും ജീവിക്കുന്നവർക്ക് പ്രത്യാശ പകരുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം എന്റെ ഉള്ളിൽ ഉണ്ടെങ്കിൽ അപരനിൽ നിന്ന് അനുഭവിക്കേണ്ടിവരുന്ന കുറ്റപ്പെടുത്തലുകളോ ഒറ്റപ്പെടുത്തലുകളോ ഒന്നും ആത്യന്തികമായി എന്നിൽ നിന്ന് നിർഗളിക്കേണ്ട നന്മ, കരുണ, ശുശ്രൂഷ ഇവയ്ക്ക് വിഘ്നമാവുകയില്ല.

ദിവ്യകാരുണ്യം ചില ഓർമ്മപ്പെടുത്തലുകൾ നമുക്ക് നൽകുന്നു. ഒന്നാമതായി, സ്നേഹപിതാവിന്റെ മക്കളാണ് നാം എന്ന സ്മരണ നമുക്ക് നൽകുന്നു. രണ്ടാമതായി, നമ്മുടെ പാപങ്ങൾ, കുറവുകൾ എന്നിവയുടെ ഓർമ്മയിൽ നിന്ന് യേശുനാഥന്റെ സ്നേഹത്തിന്റെ, കരുണയുടെ സ്മരണ ദിവ്യകാരുണ്യം നമുക്ക് പകർന്നുനൽകുന്നു. മൂന്നാമതായി, ദിവ്യകാരുണ്യം ക്ഷമാപൂർവ്വമായ സ്മരണയും പ്രോത്സാഹനവും നൽകുന്നു. ഏറ്റവും പ്രയാസകരവും ദുർഘടവുമായ വഴികളിലും തനിച്ചല്ല, അവിടുന്ന് നമ്മെ വിസ്മരിക്കാതെ തന്റെ സ്നേഹത്താൽ നമ്മെ വീണ്ടെടുക്കുന്നു എന്ന് ഓർമ്മിപ്പിക്കുന്നു. നാലാമതായി, ദിവ്യകാരുണ്യം സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണ് എന്നും നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ അനന്ത സ്നേഹത്തിന്റെ സ്മാരകമായി നിലകൊള്ളുന്ന ദിവ്യകാരുണ്യത്തിനുമുമ്പിൽ നമ്മെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കാം. ദിവ്യകാരുണ്യത്തിൽ നിന്ന് അനുഗ്രഹങ്ങളും കൃപയും പ്രാപിച്ച് അവിടുത്തെ ആരാധിക്കുകയും നന്ദി പറയുകയും ചെയ്യാം.

യാക്കോബിന്റെ കിണറിനരികെ കാത്തിരിക്കുന്ന പദയാത്രികനെപ്പോലെയും, എമ്മാവൂസിലേക്കുള്ള യാത്രയിൽ കൂടെ നടന്ന അപരിചിതനെപ്പോലെയും ദിവ്യകാരുണ്യം നമ്മെ പിന്തുടരുന്നുണ്ട്. നമുക്ക് ദിവ്യകാരുണ്യത്തിലേക്ക് തിരിയാം. അവിടുത്തെ സ്നേഹം ആവോളം അനുഭവിക്കാം. അത് അനേകരുമായി പങ്കുവയ്ക്കാം. ഈ ദിവ്യകാരുണ്യവർഷാചരണം അതിനു നമ്മെ സഹായിക്കട്ടെ!

## BIRTHDAY GREETINGS

| | | | |
|---|---|---|---|
| 1. | Rev. Fr. Varghese Kadamala | - | October 03 |
| 2. | Fr. Robin Puthenpurackal | - | October 11 |
| 3. | Fr. Paul Karamel Koickal | - | October 13 |
| 4. | Fr. Kuriakose Kudilil | - | October 21 |
| 5. | Fr. Michael Vadakkeveetil | - | November 02 |
| 6. | Fr. George Mankulam | - | November 08 |
| 7. | Fr. Issac Kochery | - | November 14 |
| 8. | V. Rev. Fr. Thomas Attumalil | - | November 25 |
| 9. | Fr. Thomas Pullukalayil | - | November 29 |

## FEASTAL GREETINGS

| | | | |
|---|---|---|---|
| 1. | V. Rev. Fr. Joachim Pandaramkudyil | - | September 09 |
| 2. | Fr. Mathew Kalarikalayil | - | September 21 |
| 3. | Fr. Mathew Kattarumoolayil | - | September 21 |
| 4. | Fr. Mathew Muttuthan | - | September 21 |
| 5. | Fr. Mathew Mandumpal | - | September 21 |
| 6. | Fr. Mathew Arackal | - | September 21 |
| 7. | Fr. Michael Vadakkeveetil | - | September 29 |
| 8. | Fr. Abraham Pulickal | - | October 09 |
| 9. | Fr. Cherian Chennikara | - | November 05 |
| 10. | Fr. Philip Erattamakkil | - | November 14 |



മൂവാറ്റുപുഴ ഭദ്രാസനത്തിലെ വൈദീകരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടേയും സംയുക്ത യോഗം 2024 ആഗസ്റ്റ് 31–ന് വിമലഗിരി ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ടു.

# 30–ാം ഓർമ്മപ്പെരുന്നാൾ




## ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്

(ഒക്ടോബർ 10)

# അനുമോദനങ്ങൾ...



**ചങ്ങനാശേരി അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ പിതാവിന്
മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ...**

KARUNA MVPA/ 9249495657